കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail : lfadtvm@yahoo.in, dotvm.ksad@kerala.gov.in

കാരോട് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/40/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

തീയതി: 09.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കാരോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/40/2020 തീയതി: 09.03.2020

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.03.2019 മുതൽ 7.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 59അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണികൃഷ്ണൻ. പി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.12.2019മുതൽ 18. 12.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ആശ. ജി.ആർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കോസല രാംദാസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജു എസ്, ഓഡിറ്റർ |
| | ശ്രീ. ഷിംജി ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. ബി. അനിത<br>01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. കെ. സതീഷ് കുമാർ,<br>01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ സുരേഷ് കുമാർ ജി ,<br>ശ്രീ. ക്ലമന്റ്, | 01.04.2018മുതൽ 20.01.2019 വരെ<br>21.01.19 മുതൽ 31.03.19 വരെ |
| എച്ച്.എം | ശ്രീമതി.വിജയലക്ഷ്മി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.ലിനിറ്റ. പി. മെർളിൻ | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രാധികാ റാണി. എ.എസ്, | 01.04.2018 മുതൽ<br>19.06.2018 വരെ |
| | ഡോ.സിമി.കെ.രാജു | 20.06.2018മുതൽ<br>26.08.2018 വരെ |
| | ഡോ.ബീന ജി.എസ് | 27.08.18 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം | ഡോ.സ്മിതാറാണി. കെ. എസ്, | 1.04.18 മുതൽ 31.03.2019 വരെ |
| വെറ്റിനറി<br>സർജൻ | ഡോ. പ്രദീപ് എസ്.വി | 01.04.2018 മുതൽ 18.06.18വരെ |
| | ശ്രീമതി. സിമി. എസ്. ആൻസലം, | 19.06.18 മുതൽ 31.03.19 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.അനിത. എ. എസ് | 01.04.2018 മുതൽ 31.03.19 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീ.ജയകുമാർ. എൻ.ജെ | 01.04.2018 മുതൽ 28.07.18 വരെ |
| | ശ്രീ.ഷിബിൻ വി | 29.07.18മുതൽ 31.03.19വരെ |
| വി.ഇ.ഒ. (ബി സർക്കിൾ) | ശ്രീമതി. സെലീന, കെ.എം, | 01.04.2018 മുതൽ 08.03.19വരെ |
| | ശ്രീ. നജീബ് റ്റി.എസ്, | 08.03.19(AN) മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീ ബിജു സി | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജയശ്രീ | 01.04.2018മുതൽ 07.7.18 വരെ |
| | ശ്രീമതി. ശിവാംബിക എസ്.വി | 08.07.18 മുതൽ 31.03.19 വരെ |
| അസി. സെക്രട്ടറി | ശ്രീ. ശ്രീധരൻ.എ | 01.04.2018 മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് പരിശോധന | 1-8 | |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| 12 | നടപടിക്രമങ്ങൾ പാലിക്കാതെ വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കി | 1-12 | |
| 13 | കെട്ടിട നികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-13 | |
| 14 | വാണിജ്യവാശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നു. തനത് ഫണ്ടിന് നഷ്ടം | 1-14 | |
| 15 | വസ്തു നികുതി നിർണ്ണയം - ഫോം 6 ലെ രേഖപ്പെടുത്തലുകളിൽ അപാകതകൾ | 1-15 | |
| 16 | പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു | 1-16 | |
| 17 | വിമുക്തഭടൻമാരുടെ വീടുകൾക്ക് നികുതിയിളവ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-17 | |
| 18 | ഡെയിഡേഞ്ച്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് നൽകിയിട്ടില്ല- | 1-18 | |
| 19 | ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനാൽ വരുമാന നഷ്ടം. | 1-19 | |
| 20 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 1-20 | |
| 21 | സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയതിൽ കുറവ്. | 1-21 | |
| 22 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല | 1-22 | |
| 23 | നടപടിക്രമങ്ങളിൽ വീഴ്ച—ആഞ്ഞിലി തടികൾ ലേലം ചെയ്യാൻ സാധിച്ചിട്ടില്ല | 1-23 | |
| 24 | ബജറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-24 | |
| 25 | സംയുക്ത പ്രോജക്ടുകൾ- പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. | 1-25 | |
| 26 | സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-26 | |
| 27 | ആസ്തി രജിസ്റ്റർ കാലികമല്ല. | 1-27 | |
| 28 | സീലിംഗ് പരിധി പാലിക്കാതെ റ്റി.എ അനുവദിച്ചു. | 1-28 | |
| 29 | എസ്.എസ്.എ വിഹിതം - തുക അടവാക്കിയതിലെ അപാകത | 1-29 | |
| 30 | തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-30 | |

| | | | |
|---|---|---|---|
| 31 | ക്വട്ടേഷൻ അംഗീകരിക്കുന്നതിനുമുൻപ് തുക അനുവദിച്ചു- ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല | 1-31 | |
| 32 | ഡെപ്പോസിറ്റ് വർക്ക് - കെ.എസ്.ഇ.ബി യ്ക്ക് തുക കൈമാറൽ- നടപടിക്രമങ്ങളിലെ അപാകത | 1-32 | |
| 33 | പദ്ധതി റിവൈസ് ചെയ്യാതെ അടങ്കൽ തുകയെക്കാൾ അധികം ചെലവഴിച്ചു- | 1-33 | |
| 34 | ജൈവസമൃദ്ധി തരിശു ഭൂമി കൃഷി -ലക്ഷ്യം കണ്ടില്ല. | 1-34 | |
| 35 | കിണർ റീചാർജ് -നടപടി ക്രമങ്ങൾപാലിച്ചില്ല. | 1-35 | |
| 36 | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല-128000/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 | |
| 37 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്തിരിക്കുന്നു | 1-37 | |
| 38 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 1-38 | |
| 39 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 1-39 | |
| 40 | ആവശ്യകത നിർണ്ണയിക്കാതെ തുക ചെലവഴിച്ചു - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-40 | |
| 41 | ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിച്ചത് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തില്ല | 1-41 | |
| 42 | സ്വകാര്യഭൂമിയിൽ നടപ്പാത നിർമ്മിച്ചു | 1-42 | |
| 43 | സർക്കാർ ഭൂമികൈയേറി - തുടർനടപടി വിവരം ലഭ്യമല്ല | 1-43 | |
| 44 | ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-44 | |
| 45 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പെൻഷൻ അനുവദിച്ചു | 1-45 | |
| 46 | മരുന്നു ലഭ്യമായില്ല-62828/-രൂപ തടസ്സപ്പെടുത്തുന്നു. | 1-46 | |
| 47 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശയും,കസേരയും വാങ്ങി നൽകിയതിൽ - മുൻഗണനാക്രമം പാലിച്ചിട്ടില്ല | 1-47 | |
| 48 | മൽസ്യത്തൊഴിലാളികളുടെ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന മക്കൾക്ക് ലാപ് ടോപ്പ് വിതരണം - മത്സ്യസഭ കൂടാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു | 1-48 | |
| 49 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു | 1-49 | |
| 50 | ആടുവളർത്തൽ, പശുവളർത്തൽ പദ്ധതി-വാങ്ങൽ നടപടിക്രമം പാലിച്ചില്ല. | 1-50 | |
| 51 | പശുവളർത്തൽ പദ്ധതി-നടപടിക്രമം പാലിക്കണം | 1-51 | |
| 52 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-52 | |
| 53 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ | 1-53 | |
| 54 | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | | |
| 55 | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | | |
| | ഭാഗം - 4 | | |

| | | | |
|---|---|---|---|
| 56 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 | |
| 57 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 58 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 | |
| 60 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 | |
| 61 | സ്ഥിരനിക്ഷേപങ്ങൾ | 4-6 | |
| 62 | ഓഡിറ്റ് റിക്കവറി | 4-7 | |
| 63 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 | |
| 64 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7080593 |
| വരവ് | 146329098 |
| ആകെ | 153409691 |
| ചെലവ് | 132151158 |
| നീക്കിയിരിപ്പ് | 21258533 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27279173 | 27279173 | 27279173 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4089380 | 4089380 | 4089380 | 0 |
| സി.എഫ്.സി | 0 | 12612874 | 12612874 | 12612874 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13255075 | 13255075 | 13255075 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5491738 | 5491738 | 5491738 | 0 |
| ബി ഫണ്ട് | 0 | 1379520 | 1379520 | 1379520 | 0 |
| എൻ.ആർ. ഇ.ജി.എസ് | 81646 | 1151753 | 1233399 | 1190432 | 42967 |
| സാക്ഷരത IOB | 21598 | 147233 | 168831 | 98260 | 70571 |
| ഇ-പേയ്മെന്റ് | 11124 | 18590 | 29714 | 0 | 29714 |
| കോ.ഓപ്പറേറ്റീവ് ബാങ്ക് പൊൻവിള (Distress relief fund) | 21163 | 635 | 21798 | 0 | 21798 |
| കോ.ഓപ്പറേറ്റീവ് ബാങ്ക് പൊൻവിള (Health insurance) | 471520 | 14146 | 485666 | 0 | 485666 |
| TSC (IOB) | 163277 | 1818901 | 1982178 | 1040000 | 942178 |
| ട്രഷറി റ്റി.എസ്.ബി | 1230927 | 32889804 | 34120731 | 20269581 | 13851150 |
| ക്യാഷ് | 61855 | 136317 | 198172 | 61855 | 136317 |
| ലൈഫ് എസ്.ബി.ഐ ലോൺ | 0 | 36387397 | 36387397 | 36387397 | 0 |
| ലൈഫ് മിഷൻ എ.ഒ.ബി | 0 | 500 | 500 | 0 | 500 |
| ഐ.ഒ.ബി തനത് ഫണ്ട് | 5017483 | 9656062 | 14673545 | 8995873 | 5677672 |

1. SBI E payment അക്കൗണ്ട് പാസ് ബുക്ക് പ്രകാരം മുന്നിരിപ്പ് 15021/- ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 11124/- ആണ്.

2. IOB TSC ബാങ്ക് ബുക്ക് പ്രകാരം 30/03/2019 ൽ ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ 16710/- രൂപ വരവ് വച്ചിരിക്കുന്നു. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം മേൽ വരവ് 15317/- ആണ് ( 9032+6285) .

3. ഇ പേയ്മെന്റ് അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല. പാസ് ബുക്ക് പ്രകാരമുള്ള വരവ് 24546/- രൂപയും ചെലവ് 9853/- രൂപയുമാണ്.

4. SBI ലൈഫ് ലോൺ അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ പത്രികലഭ്യമാക്കിയിട്ടില്ല. പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 13347187.30/- ഉം ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 0 ഉം ആണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 195 | 226526322 | 146 | 76168194 | 49 | 75 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 81646.44 | 1151753.00 | 1233399.44 | 1190432.00 | 42967.44 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 69067417.00 | 69067417.00 | 69067417.00 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1139520 | 1235 |
| കർഷക തൊഴിലാളി പെൻഷൻ | 16628400 | 1412 |
| വിധവാപെൻഷൻ | 12769400 | 2071 |
| വാർദ്ധക്യകാല പെൻഷൻ | 25318300 | 2356 |
| വികലാംഗ പെൻഷൻ | 9702700 | 838 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 546800 | 12 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 10.45AM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 427/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. <u>തനത് വരവ് യഥാവിധി ഈടാക്കുന്നതിലും മുതൽക്കൂട്ടുന്നതിലും പിഴവുകൾ.</u>

ചട്ടങ്ങൾ പാലിക്കാതെ വസ്തുനികുതി നിർണയിക്കുന്നതിനാലും ആധികാരിക രേഖകളില്ലാതെ ഡിമാന്റ് തുക ഒഴിവാക്കിയതിനാലും വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ ഇ പേയ്മെന്റ് അക്കൗണ്ട് മുഖേന ലഭിച്ച വരവിന്റെ 40% തുക ബാങ്ക് ചാർജിനത്തിൽ പഞ്ചായത്ത് ഫണ്ടിന് കുറവ് വന്നിരിക്കുന്നു. മാനുവൽ രസീത് പ്രകാരം ഈടാക്കിയ വരവ് കൃത്യമായി ഒടുക്കുന്നതിലും പിഴവ് സംഭവിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. ലൈസൻസ് എടുക്കാതേയും പുതുക്കാതേയും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയതിലും കുറവ് സംഭവിച്ചിട്ടുണ്ട്.

2. <u>വാർഷിക ധനകാര്യ പത്രികയിൽ അപാകതകൾ.</u>

തൻ വർഷ വരവുകൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല, ചെലവ് രേഖപ്പെടുത്തലുകൾക്ക് കൃത്യതയുമില്ല. സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിന് പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്തതിനാൽ അത്തരം പദ്ധതികളുടെ വരവ് ചെലവ് സുലേഖ ചെലവ് പത്രികയിലും വാർഷിക കണക്കുകളിലും വ്യത്യസ്ഥമായി രേഖപ്പെടുത്തിയിരിക്കുന്നു. (ഖണ്ഡിക 1-11 കാണുക).

3. <u>പദ്ധതി ആസൂത്രണം, തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ.</u>

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ യഥാർത്ഥ ആവശ്യകത നിർണയിച്ച് പദ്ധതികൾ രൂപീകരിക്കുന്നതിന് സാധിക്കുന്നില്ല. ഉദാഹരണമായി 94-ാം അംഗൻവാടിയിൽ കുഞ്ഞുങ്ങൾക്കായുള്ള കെട്ടിടത്തിൽ ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഇല്ലാതിരുന്നിട്ടും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ കൂടുന്നതിന് റൂഫിംഗ് ചെയ്ത് കെട്ടിടത്തിന്റെ ഒന്നാം നില സജ്ജമാക്കിയിരിക്കുന്നു. ഭൂരിഭാഗം പദ്ധതികളും വലിയ മാറ്റങ്ങൾക്ക് വിധേയമാക്കി റിവൈസ് ചെയ്യേണ്ടി വരുന്നതിനാൽ സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.

പദ്ധതി രൂപീകരണ വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പങ്കാളിത്തവും സ്ഥാപനങ്ങളുടെ ആവശ്യകതയും യഥാവിധി ഉറപ്പാക്കാത്തതിനാൽ അംഗീകാരം ലഭിച്ച പദ്ധതികൾ ഒഴിവാക്കേണ്ടതായി വരുന്നു. ഉദാഹരണമായി പഞ്ചായത്തിലെ ഏക എൽ പി സ്കൂളിൽ ഓട് മേഞ്ഞ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി ജി ഐ ഷീറ്റ് ഇടുന്നതിന് അംഗീകാരം ലഭിച്ച പദ്ധതി ഹെഡ്മിസ്ട്രസ്സിന്റെ അഭ്യർത്ഥന പ്രകാരം മറ്റൊരു ക്ലാസ്സ്മുറി, പ്ലേയിംഗ് യാർഡ് എന്നിവ മെച്ചപ്പെടുത്തുന്നതിനായി റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയും നടപ്പാക്കുകയും ചെയ്തു.

പദ്ധതി നിർവ്വഹണ വേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നതായുള്ള രേഖകൾ ലഭ്യമാണെങ്കിലും തുടർ നിരീക്ഷണവും പരിപാലനവും ആവശ്യമായ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സമിതിയെ ചുമതല ഏൽപ്പിച്ച് കരാറിലേർപ്പെടുന്നില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമസഭയിൽനിന്നും അർഹതയുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്ന് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

4. <u>സ്റ്റോക്ക് പരിപാലനത്തിലെ അപാകതകൾ</u>

വിവിധ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. സ്റ്റോക്ക് ലഭിച്ചതിന്റെ വിവരങ്ങൾ( ലഭിച്ച സാധനങ്ങളുടെ എണ്ണം, സ്ഥാപനം, ബിൽ നമ്പർ, ഇൻവോയിസ് തീയതി ), സ്റ്റോക്ക് നൽകിയതിന്റെ വിവരം ( എത്ര എണ്ണം) എന്നിവ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല.

5. <u>ആസ്തി രജിസ്റ്റർ കാലികമല്ല.</u>

2018-19-ൽ ആർജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

6. <u>ബഡ്സ് റീഹാബിലിറ്റേഷൻ സ്കൂൾ ആരംഭിച്ചിട്ടില്ല.</u>

ബഡ്സ് റീഹാബിലിറ്റേഷൻ സ്കൂളിന് ഫണ്ട് ലഭ്യമാണെങ്കിലും നാളിതുവരെ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല.

7. <u>തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ.</u>

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിലെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലുമുള്ള തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ തെരുവു വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധിക ചെലവിന് സാദ്ധ്യതയുണ്ട്. 07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിവരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

8. തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പാക്കുന്ന മഴക്കുഴി നിർമ്മാണം, കൃഷിയ്ക്ക് തടമെടുക്കൽ തുടങ്ങിയ മൺപ്രവൃത്തികളുടെയും, വൃക്ഷത്തൈകളുടെ നടീലും പരിപാലനവും പോലുള്ള പ്രവൃത്തികളുടെയും മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. പ്രസ്തുത പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2019 | 11.10.19 മുതൽ 31.10.19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2017 മുതൽ 23.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | 15.05.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.1/1208/19 തീയതി 24.08.2019 റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. പ്രോജക്ട് നം 94 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രകാരം കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുക 2198351/-ആണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ (ആർ പി 47) തുക നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റ് (ബി 18) ൽ ആകെ 1848588/- രൂപയുടെ വിശദാംശങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

2. സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരമുള്ള ബിൽ നം 20 തീയതി 12.11.18, പ്രകാരം പിൻവലിച്ചിരിക്കുന്ന 37000/-രൂപ (paddy incentive bonus) ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

3.സുലേഖ പത്രിക പ്രകാരം പ്രോജക്ട് നം 23/19 ന്റെ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരിക്കുന്നത് 170000/- രൂപയും ചെലവ് 170000/- രൂപയുമാണ്. എന്നാൽ പ്രോജക്ട് ഫയൽ പ്രകാരം ചെലവ് 231625/- രൂപയാണ്.

4. IOB TSC ബാങ്ക് ബുക്ക് പ്രകാരം 30/03/2019 ൽ ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ 16710/-രൂപ വരവ് വച്ചിരിക്കുന്നു. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം മേൽ വരവ് 15317/-ആണ് ( 9032+6285) . വ്യത്യാസമുള്ള 1393/- രൂപയുടെ വിശദാംശങ്ങൾ, റീകൺസിലിയേഷൻ പത്രിക എന്നിവ ലഭ്യമാക്കിയിട്ടില്ല.

5. SBI E-payment അക്കൗണ്ട് പാസ് ബുക്ക് പ്രകാരം മുന്നിരിപ്പ് 15021/- ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 11124/- ആണ്.റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിലെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നം എസ്.ബി.ഐ , പൊഴിയൂർ 37068160779 | മുന്നിരിപ്പ് | വരവ് | ചെലവ് |
|---|---|---|---|
| പാസ് ബുക്ക് | 15021 | 24546 | 9853 (ബാങ്ക് ചാർജ് 2104/- ഉൾപ്പെടെ) |
| ബാങ്ക് ബുക്ക് | 11124 | 18590 | 0 |

6. SBI ലൈഫ് ലോൺ അക്കൗണ്ടിന്റെ (എസ്.ബി.ഐ പൊഴിയൂർ, അക്കൗണ്ട് നം 38071167636) റീ കൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല. പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 13347187.30/- ഉം ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 0 ഉം ആണ്.

7. ജേണൽ ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട ജേണൽ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

8. ധനകാര്യകമ്മിഷൻ ഇനത്തിലുള്ള ഗ്രാന്റ് വരവ് I &E ഷെഡ്യൂൾ പ്രകാരം നെഗറ്റീവാണ് (-147148).

9. ലൈഫ് ഭൂമി ഉള്ള ഭവനരഹിതർക്ക് വീട് എസ്.സി.പി ( 33/19) എന്ന പ്രോജക്ടിനായി ജില്ലാ വിഹിതം 149014/- രൂപയും ബ്ലോക്ക് വിഹിതം 288830/- രൂപയും പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. (സാംഖ്യ പ്രകാരം). പ്രസ്തുത തുകകൾ ചെലവഴിച്ചുവെങ്കിലും (ചെക്ക് നം. 2307185/30.03.2019- Rs.149014/-, ചെക്ക് നം 2307186/30.03.19, Rs.47830/-, ചെക്ക് നം. 2307177/28.03.19 Rs. 241000/-) ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

10. ജില്ലാ പഞ്ചായത്ത് വിഹിതം വരവ് ആർ പി 31 പ്രകാരം 2767784/- രൂപയാണ്. എന്നാൽ ട്രഷറി അക്കൗണ്ടിലെ വരവ് 2804694/- .വ്യത്യാസമുള്ള 36910/- രൂപ വാർഷിക ധനകാര്യപത്രികയിൽ വരവ് വച്ചിട്ടില്ല. ലൈഫ് (എസ്.സി.പി) അധികവിഹിതമായി (IAY/PMAY) 36910/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11. പാലിന് സബ്സിഡി (വനിത) പ്രോജക്ട് നം 73/19ബ്ലോക്ക് വിഹിതം വരവിനേക്കാൾ ( 1200000) കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു(1237071).

മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-12 നടപടിക്രമങ്ങൾ പാലിക്കാതെ വസ്തുനികുതി

# ഡിമാന്റിൽ നിന്നും ഒഴിവാക്കി

വാർഷിക ധനകാര്യപത്രിക പ്രകാരം(I-18) വസ്തുനികുതി നോൺ (റസിഡൻഷ്യൽ ) ഇനത്തിൽ 6,31,074/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത്രയും തുക ഡിമാന്റിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം, ഒഴിവാക്കൽ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല. 1998-ലെ കേരള പഞ്ചായത്ത്‌രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയാണ് 6,31,074/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-13 കെട്ടിട നികുതി - സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡാറ്റാപ്യൂരിഫൈ ചെയ്തിരിക്കുന്നതിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഈ ആവശ്യത്തിനായി കെട്ടിട ഉടമകൾ നൽകിയ അപേക്ഷ, ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തിയ വിവരങ്ങൾ, ഫീൽഡ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് തുടങ്ങിയ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാപ്യൂരിഫിക്കേഷൻ നടത്തേണ്ടതും ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-14 വാണിജ്യവാശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നു. തനത് ഫണ്ടിന് നഷ്ടം

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. എന്നാൽ കാരോട് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

'സഞ്ചയ' പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയയിലെ ന്യൂബിൽഡിംഗ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിക്കുന്നതിന് പകരം" "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നത് (ഫോറം 6). ഇപ്രകാരം തെറ്റായി നികുതി നിർണയിച്ചിരിക്കുന്ന ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ അനുബന്ധം 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-15 വസ്തു നികുതി നിർണയം - ഫോം 6 ലെ രേഖപ്പെടുത്തലുകളിൽ അപാകതകൾ

വസ്തു നികുതി നിർണയിച്ചു കൊണ്ട് കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 2അപേക്ഷകൾക്കൊപ്പം സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമയുടെ അപേക്ഷയിന്മേൽ ഫീൽഡ് പരിശോധന നടത്തി ഫോറം 6 തയ്യാറാക്കിയിട്ടില്ല. വസ്തു നികുതി നിർണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 മാനുവലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ മാനുവൽ ഫോമിലെ വിവരങ്ങൾ അപൂർണ്ണമാണ്. സഞ്ചയ ഫോറം 6 ൽ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ പോലും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ചില പ്ലാനുകളിൽ വഴി സൗകര്യം മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ ഫീൽഡ് പരിശോധന റിപ്പോർട്ടിൽ മേഖല, വഴിസൗകര്യം, കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല. ഇപ്രകാരം കെട്ടിട നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ ശരിയായ രീതിയിൽ ഫോറം 6 ൽ രേഖപ്പെടുത്താത്തതിലൂടെ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു നഷ്ടം ഉണ്ടാകുന്നതായി വിലയിരുത്തുന്നു. ഉദാഹരണങ്ങൾ ചുവടെ.

| കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം | അടിസ്ഥാന നികുതി നിരക്ക് (ഉപയോഗക്രമം) | പ്ലാൻ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|---|---|
| | | | | മേഖല, വഴി സൗകര്യം, | മേഖല, വഴി സൗകര്യം, |
| 4/640/1 | സ്റ്റീഫൻ, സുശീലാബായി | 85.66ചമീ | 5<br>പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല<br>6മീ | ദ്വിതീയം<br>1.5 മീറ്ററിൽ കൂടുതൽ |
| 13/324/1 | ശരത് | 51.67ച.മീ | 30 | രേഖപ്പെടുത്തിയിട്ടില്ല | ദ്വിതീയം |

|  |  |  |  |  |  |
|---|---|---|---|---|---|
|  |  |  | വാണിജ്യം |  | 1.5 മീറ്ററിൽ കൂടുതൽ |
| 16/598/1 | സുഭാഷ് കുമാർ, മാലിനി | 162.12 ച.മീ | 5 പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | ദ്വിതീയം 1.5 മീറ്ററിൽ കൂടുതൽ |

# 1-16 പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു

2011-ലെ കേരളപഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ അപേക്ഷകൾ പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | കുറിപ്പ് |
|---|---|---|
| അരുൺ പ്രസാദ് വി.എസ് | 1/68 | Lpg ഗ്യാസ് സിലിണ്ടർ സ്റ്റോക്കും വിതരണവും സൗരജ് ഇൻഡേൻ ഗ്യാസ് 118010100199/12.04.18 |
| ആമോസ്, രമണി, എറിച്ചല്ലുവിള | III/531 | 2018-19 ൽ ഡി ആന്റ് ഒ ലൈസൻസ് നൽകി |

# 1-17 വിമുക്തഭടൻമാരുടെ വീടുകൾക്ക് നികുതിയിളവ്- നടപടിക്രമങ്ങൾ പാലിക്കുന്നില്ല

വിമുക്തഭടൻമാരുടെ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി സ.ഉ (കൈ) നം 106/17 ത സ്വ ഭ വ തീയതി 26.05.2017പ്രകാരം സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, സഞ്ചയയിൽ നിന്നുള്ള 2018-19 ലെ വസ്തുനികുതി ഒഴിവാക്കി നൽകിയ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്ക് പ്രകാരം 25.03.2019 ലെ 2-ാം നമ്പർ തീരുമാന പ്രകാരം 52വിമുക്തഭടൻമാരുടെ വീടുകളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ സഞ്ചയ പത്രിക പ്രകാരം ആകെ 44 പേർക്കാണ് തൻവർഷം വസ്തുനികുതിയിളവ് നൽകിയിട്ടുള്ളത് .

- കെട്ടിടനികുതിയിളവിന് ഓരോ വർഷവും അപേക്ഷ നൽകേണ്ടതിന് പകരം എല്ലാ വർഷവും മാർച്ച് 31ന് മുൻപായി അർഹരായവർ ഒരു സത്യവാങ്മൂലം സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷകളിൽ എതുവർഷത്തേയ്ക്കുള്ള ഇളവിനാണ് അപേക്ഷിക്കുന്നതെന്ന വിവരം രേഖപ്പെടുത്തുന്നില്ല.

- പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതും അധിക ഏരിയക്ക് നികുതി കണക്കാക്കി ഈടാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപേക്ഷകൾ ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ വസ്തുനികുതി ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് നം/തീ. എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര പതിപ്പിച്ചു നൽകിയിട്ടില്ല.

- സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം, വസ്തുനികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് പരിശോധനനടത്തുകയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല.

നടപടിക്രമങ്ങൾ പൂർണമായുംപാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ തനത് വരുമാനം ഉയർത്തുന്നതിന് ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഭരണ സമിതിയുടെശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട വ്യപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല-

1994-ലെ കേരള പഞ്ചായത്ത് രാജ് 232 (1) വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും അനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്താകുന്നു. പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് അനുസരിച്ച് 19 വാർഡുകളിലായി 425 ലധികം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ 2018-19 വർഷത്തിൽ 240 സ്ഥാപനങ്ങൾക്ക് മാത്രമെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടുള്ളു. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ്

നൽകാത്തതിനാൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുന്നതിനും അതിലൂടെ വരുമാനവർദ്ധനവ് ഉറപ്പാക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടേതാണ്.

# 1-19 ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനാൽ വരുമാന നഷ്ടം.

2017-18 വർഷത്തിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ 2018-19വർഷത്തിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു. അത്തരം ചില സ്ഥാപനങ്ങളുടെ പേര് വിവരം രേഖപ്പെടുത്തുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | ബേബിരാജ്, ബി.എസ്.പവർലൂം | 14 |
| 2 | മുരുകൻ, ശ്രീ മീനാക്ഷി ടെക്സ് | 12 |
| 3 | നൂറുൽ അമീൻ.പി, എസ്.എം ട്രേഡിംഗ് | 15 |
| 4 | തോമസ് റ്റി.വി, ഫ്ളവർ മിൽ | 3 |
| 5 | തോമസ്, പലചരക്ക് കട | 3 |
| 6 | ജസ്റ്റിൻ രാജ്, സ്റ്റേഷനറി കട | 12 |
| 7 | ജസ്റ്റിൻ രാജ്,ഹെബ്റോൻ | 12 |
| 8 | പ്രഭാകരൻ, സ്മാർട്ട് മോട്ടോഴ്സ് | 17 |
| 9 | ഗോപി,കാർത്തിക<br>5-കടമുറികൾ | 16 |

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-20 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച.

കേരള പഞ്ചായത്തിരാജ് ആക്റ്റ് സെക്ഷൻ 204(1) പ്രകാരം ഓരോ വ്യക്തിയും ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60ദിവസം ജോലിയോ തൊഴിലോ ഒരു പഞ്ചായത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥനാണ്. 2017-18വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷത്തിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 1-ാംഅർദ്ധവർഷം ഈടാക്കിയ തുക | 2-ാംഅർദ്ധവർഷം ഈടാക്കിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഐ.ഒ.ബി.ചാരോട്ടുകോണം | --- | --- |
| 2 | സ്മാർട്ട് മോട്ടേഴ്സ് പഴയഉച്ചക്കട | -- | -- |
| 3 | ദേവസ്വം സബ് ആഫീസ് പൊഴിയൂർ | 3250 | -- |
| 4 | മുത്തൂറ്റ് ഫിനാൻസ്,പൊഴിയൂർ | 540 | --- |
| 5 | എ.ഇ എൽ.എസ്.ജി.ഡി. | 5000 | --- |
| 6 | വി.ഇ.ഒ | --- | --- |
| 7 | ഗവ. ഹയർ സെക്കൻറി സ്കൂൾ,അയിര | --- | 19750 |
| 8 | റേഷൻകടകൾ(16-എണ്ണം) | --- | ---- |

സ്ഥപനതൊഴിൽ നികുതി അടവാക്കാത്ത സ്ഥപനങ്ങൾ

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം ഈൗടാക്കിയ തുക | രണ്ടാംഅർദ്ധവർഷം ഈൗടാക്കിയ തുക |
|---|---|---|---|
| 1 | ഡി. സി .ബി പൊഴിയൂർ | 1250 | ---- |
| 2 | മാവേലി സ്റ്റോർ, പ്ലാമൂട്ടുക്കട | 1250 | ---- |
| 3 | മുത്തൂറ്റ് ഫിനാൻസ്, ചെങ്കവിള | 1250 | ---- |
| 4 | മുത്തൂറ്റ് ഫിനാൻസ്, പൊഴിയൂർ | 1250 | ---- |
| 5 | മുത്തൂറ്റ് ഫിനാൻസ്, ഉച്ചക്കട | 1250 | ---- |
| 6 | ഐ.ഒ.ബി.ചാരോട്ടുകോണം | --- | ---- |
| 7 | സ്മാർട്ട് മോട്ടേഴ്സ്, പഴയഉച്ചക്കട. | --- | ---- |

പിരിച്ചെടുക്കാത്ത കുടിശ്ശിക നികുതികൾ മൂന്ന് വർഷം കഴിയുബോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുന്നതാണ്. മൂന്ന് മാസത്തിനകം കുടിശ്ശിക നികുതികൾ പിരിച്ചെടുക്കാത്ത പക്ഷം തുക ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും സെക്രട്ടറിയുടെയും ബാധ്യതയാകുന്നതായിരിക്കും. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈൗടാക്കിയതിൽ കുറവ്.

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ

നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, ഭരണസമിതിയുടെ അനുമതിയോടെ ദീർഘിപ്പിക്കേണ്ടിവരുന്ന ആദ്യ മുപ്പത് ദിവസങ്ങൾക്ക് PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% കാലയളവ് നീട്ടികൊടുക്കുന്നതിനും തുടർന്ന് വരുന്ന കാലയളവിന് 2% ഫൈൻ ഈടാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് മാന്വൽ - 2012, സെക്ഷൻ 2112പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ പിഴ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേരും നം | കരാറുകാരൻ PAC | ചെലവ് തുക/ ബിൽ നം. | കരാർ / സൈറ്റ് കൈമാറിയ തീയതി | എം ബുക്ക് പ്രകാരം പൂർത്തീകരിച്ച തീയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | കണിയാൻവിള നടപ്പാത സൈഡ് വാൾ നിർമ്മാണം(44/19) | ശ്രീ. വിജയൻ 451501/- | 474945 801212538, 16.2.2019 | 25.7.2018 | 5.2.2019 | 1483 | 12061 | 10578 |
| 2 | ഉച്ചക്കട വലിയവില റോഡ് റീടാറിംഗ് ബേം കോൺക്രീറ്റ് (129/18) | ശ്രീ. ശ്രീകുമാർ എസ് 342430/- | 337901/- 800159901 26.5.2018 | 24.8.2017 | 27.3.2018 | 1481 | 10137 | 8656 |
| 3 | വെൺകുളം മുട്ടചിതലയ്ക്കൽ റോഡ് പുനരുദ്ധാരണം (41/19) | ശ്രീ. വിജയൻ എസ് 636360/- | 298419/- 800879816 30.11.2018, 337143/- 801244564 22.2.2019 | 3.10.2018 | 15.2.2019 | 227 | 6363 | 6136 |
| 4 | ചടയൻവിള കൊല്ലം വിള റോഡ് ഓട നിർമ്മാണം(163/19) | ശ്രീ. വിജയരാജ് എൻ 299964/- | 228270/- 800159909 26.5.2018 | 27.9.2017 | 21.3.2018 | 475 | 5198 | 4723 |
| 6 | ചെങ്കവിള ജംഗ്ഷന് സമീപം ടോയ്ലെറ്റ് ബ്ലോക്ക് (183/19) | ശ്രീ. രജി ആർ 501474.58 | 499610/- Ch.no.479652/ 3.12.2018 | 26.2.2018 | 8.11.2018 | 3297 | 5014 | 1717 |

സർക്കുലർ നം.എ.സി/2/223/2015/തസ്വഭവ, തീയതി 18.08.2018 ഖണ്ഡിക (2)-ലെ നിർദ്ദേശാനുസരണം പിഴ നിർണയിച്ച്, ശേഷിക്കുന്ന തുക ഈടാക്കേണ്ടതാണ്. 2018-19ൽ ഫൈൻ കണക്കാക്കിയതിൽ കുറവ് വന്ന എല്ലാ പ്രവൃത്തി ഫയലുകളും കണ്ടെത്തി നിയമാനുസൃത പിഴ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും 86118/-രൂപാ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 15/19) തുക തിരികെ കിട്ടുന്നതിനായി വകുപ്പ് തല നിർദേശ പ്രകാരം ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ച് ഉചിതമാർഗേന ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-23 നടപടിക്രമങ്ങളിൽ വീഴ്ച—ആഞ്ഞിലി തടികൾ ലേലം ചെയ്യാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ കാട്ടുകുളത്തിന്റെ ബണ്ടിൽ നിന്നിരുന്ന ആഞ്ഞിലി മരം ഓഖി ചുഴലിക്കാറ്റിൽ നിലം പൊത്തുകയും, സ്വകാര്യ വ്യക്തി മുറിച്ച് കൊണ്ടുപോകാൻ ശ്രമിച്ചത് നാട്ടുകാർ ഇടപ്പെട്ട് തടയുകയും ചെയ്തു. വാർഡ് മെമ്പർ അറിയിച്ചതിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി പോലീസിൽ പരാതി നൽകുകയും 6,000/-രൂപ ചെലവാക്കി മരകഷണങ്ങൾ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും പൊഴിയൂർ പോലീസ് പി.എസ്.നം 587/18 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ആഞ്ഞിലിമരം നിന്ന സ്ഥലം പുറം പോക്കിലാണോ എന്ന് നിശ്ചയിച്ച് വിവരം ലഭ്യമാക്കുന്നതിന് താലൂക്ക് തഹസിൽദാർക്ക് കത്ത് നൽകുന്നതിന് പകരം ആഞ്ഞലിമരം നിന്ന സ്ഥലത്തിന്റെ സർവ്വെ നമ്പരും സ്കെച്ചും നൽകാൻ സെക്രട്ടറി കാരോട് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുകയാണ് ചെയ്തത്. നടപടിക്രമങ്ങളിലെ ഈ വീഴ്ചകാരണം നാളിതുവരെ ആഞ്ഞിലിമരം നിന്ന സ്ഥലം പുറം പോക്കിലാണോ എന്ന് നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. 7 ആഞ്ഞിലി മരകഷണങ്ങൾക്ക് പഞ്ചായത്തിലെ എ.ഇ 24834/-രൂപയുടെ വാല്യുവേഷൻ നൽകിയിട്ടുണ്ട്. ജനറൽ കമ്മറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആഞ്ഞിലിമരം നിന്ന സ്ഥലം പുറം പോക്കിലാണോ എന്ന് നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആഞ്ഞിലിമരം പഞ്ചായത്ത് പുറംപോക്കിൽ നിന്നതാണെങ്കിൽ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ബജറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ<br>(ഏതൊക്കെ ഘടകസ്ഥാപനങ്ങൾ പ്രപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്) | ജനുവരി 15-ന് മുൻപ് | ആയുർവേദ ഡിസ്പെൻസറി (14.02.18)<br>കൃഷി ഓഫീസ്(20.02.18)<br>ഹോമിയോ ഡിസ്പെൻസറി(26.02.18)<br>മൃഗാശുപത്രി, വി.ഇ.ഓ (തീയതി രേഖപ്പെടുത്തിയിട്ടില്ല) |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | നടപടി സ്വീകരിച്ചിട്ടില്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 08.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 26.02.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 24.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 26.03.18 |

2) കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ല .2018-19 വാർഷിക ബജറ്റ് 21.02.2019 ലെ (15(1) -ാം നമ്പർ

തീരുമാനത്തിൽ പരിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ചെലവുകൾ റിവൈസ്ഡ് ബജറ്റിലും സാധൂകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | വകയിരുത്തിയ തുക (ബജറ്റ് പ്രകാരം) | ചെലവഴിച്ച തുക |
|---|---|---|---|
| 2201201 | Communication expenses | 50000 | 70207 |
| 2205001 | Audit Fee | 25000 | 30000 |
| 2207101 | Extraordinary expenses | 100000 | 198450 |
| 2308001 | Sanitation expenses | 1000000 | 1101405 |
| 2407001 | Bank charges | 2000 | 2107 |
| 2561001 | Literacy scheme grant | 0 | 98260 |
| 3502001 | Recoveries payable | 200000 | 1642762 |
| 3305001 | Loans from bank and financial inst | 0 | 2200000 |

ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകാരം നേടുന്നതിലും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 എന്നിവ കൃത്യമായും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 സംയുക്ത പ്രോജക്ടുകൾ- പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല.

(എ) സർക്കാർ ഉത്തരവ് (പി) നം.7/2017/ഫിൻ തീയതി 23.1.2017 പ്രകാരം സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്നതിലേക്കായി പ്രത്യേക STSB അക്കൗണ്ട് തുടങ്ങേണ്ടതും സാമ്പത്തിക വർഷാവസാനം ബാക്കിയുള്ള തുകകൾ അതാത് സ്ഥാപനത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പഞ്ചായത്ത് STSB അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

സുലേഖ പത്രിക പ്രകാരം കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായ കേദാരം പ്രോജക്ടിനായി (നം.23/19) ജില്ലാ പഞ്ചായത്ത് വിഹിതം 170000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രോജക്ട്

പ്രകാരം ചെലവ് 231625/-ആണ്. സംയുക്ത പദ്ധതികൾക്കായുള്ള വിഹിതം തനത് ഫണ്ടിനുള്ള ട്രഷറി അക്കൗണ്ടിൽ വരവു വച്ചതുകാരണം പ്രോജക്റ്റ് തുകയെ അധികരിച്ച് ചെലവുണ്ടാകുകയും അപാകത ശ്രദ്ധയിൽപ്പെടാതിരിക്കുകയും ചെയ്തിരിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് വിഹിതത്തിൽ 20815/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക അതാത് ആവശ്യങ്ങൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. തുകയുടെ ചെലവ് വിവരം ലഭ്യമാക്കേണ്ടതും ആയത് നിർദ്ദിഷ്ട ആവശ്യത്തിനായി ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള പക്ഷം ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്

ജില്ലാ പഞ്ചായത്ത് വിഹിതം വരവ് ആർ പി 31 പ്രകാരം 2767784/- രൂപയാണ്. എന്നാൽ ട്രഷറി അക്കൗണ്ടിലെ വരവ് 2804694/- രൂപയാണ്.വ്യത്യാസമുള്ള 36910/- രൂപ വാർഷിക ധനകാര്യപത്രികയിൽ വരവ് വച്ചിട്ടില്ല. ലൈഫ് (എസ്.സി.പി) അധികവിഹിതമായി (IAY/PMAY) 36910/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-26 സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

ജി.ഒ (പി) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ് (കെ.എഫ് സി വാല്യം II) . എന്നാൽ കാരോട് ഗ്രാമപഞ്ചായത്തിൽ അപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധനസാമഗ്രികളുടെ വിവരങ്ങൾ (ഗ്രാമസഭാ നോട്ടീസുകൾ, ഗുണഭോക്തൃഫോമുകൾ, മറ്റു നോട്ടീസുകൾ, പ്രിന്റർ, ടോണർ മുതലായ ഉപകരണങ്ങൾ തുടങ്ങിയവയുടെയെല്ലാം) ഇൻഡക്സ് പേജ് തയ്യാറാക്കാതെ ഒരുമിച്ച് എഴുതിച്ചേർത്തിരിക്കുന്നു. സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോറുകൾ പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ആസ്തി രജിസ്റ്റർ കാലികമല്ല.

58608/ ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ / കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കണം.

മേൽ സർക്കുലർ പ്രകാരം സംഗ്രഹറിപ്പോർട്ട് തയ്യാറാക്കിയതിന്റെയും അംഗീകാരത്തിന്റെയും ഡിജിറ്റൽ രജിസ്റ്റർ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ "അസറ്റ് രജിസ്റ്റർ ഓഫ് റോഡ്സ് " രജിസ്റ്ററിൽ മരാമത്ത് പ്രവൃത്തികളുടെ പദ്ധതി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി യുണീക് നമ്പരുള്ള ആസ്തികൾ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണമായി ഉച്ചക്കട വലിയവില റോഡ് റീടാറിംഗ് ബേം കോൺക്രീറ്റ് (129/18) ആസ്തി യുണീക് നം. 129800121800000543 ആയി പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എ.ഇ ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

## 1-28 സീലിംഗ് പരിധി പാലിക്കാതെ റ്റി.എ അനുവദിച്ചു.

എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ 2016 മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലെ റ്റി.എ സീലിംഗ് പരിധി പാലിക്കാതെ അനുവദിച്ചു. ജില്ലയുടെ ഏതെങ്കിലും ഭാഗത്ത് മാത്രം അധികാരപരിധിയുള്ള ഉദ്യോഗസ്ഥരുടെ റ്റി.എ സീലിംഗ് പ്രതിമാസം 980/- രൂപ, ത്രൈമാസം 2940/- രൂപ എന്നുള്ളത് 9.9.2016 മുതൽ യഥാക്രമം 1380/-, 4140/- എന്നിങ്ങനെ പരിഷ്കരിച്ച് സ.ഉ.(അച്ചടി) നം 137/2016/ഫിൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ത്രൈമാസ സീലിംഗിൽ ക്രമീകരിക്കത്തക്ക വിധത്തിൽ പ്രതിമാസ പരിധിയിൽ 20% വർദ്ധനവ് അനുവദിക്കാവുന്നതുമാണ്. പ്രസ്തുത സീലിംഗ് പരിധികൾ പാലിക്കാതെ മുൻകാല പ്രാബല്യത്തോടെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചിരിക്കുന്നു. യാത്രാബത്ത അനുവദിക്കുമ്പോൾ മാസ/ത്രൈമാസ പരിധി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 എസ്.എസ്.എ വിഹിതം - തുക അടവാക്കിയതിലെ അപാകത

പ്രോജക്റ്റ് നം - (1/19) കാരോട് ഗ്രാമപഞ്ചായത്ത് എസ്.എസ്.എ വിഹിതം

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ 725000/- പൊതുവിഭാഗം (സാ.ധാ)

ചെലവ് 725000/- (ബിൽ നം.5/4.07.18)

എസ്.എസ്.എ വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്റ്റ് പ്രകാരം 725000/- രൂപ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പാറശ്ശാലയ്ക്ക് നൽകിയിട്ടുണ്ട്. 31.03.2019 ൽ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

(എ) ജില്ലാ പ്രോജക്റ്റ് ഓഫീസർ 14.02.18-ലെ എസ് എസ് എ (2) /509/2017/ഡി.പി.ഒ/ തിരുവനന്തപുരം നമ്പർ കത്ത് പ്രകാരം 2017-18 ലെ പ്രോജക്റ്റ് തുകയെ അധികരിച്ച് 25% തുകകൂടി അധികമായി വകയിരുത്തി വിഹിതം നൽകാനുള്ള നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചിരുന്നു. 17-18 ലെ പ്രോജക്റ്റ് തുക 5 ലക്ഷം രൂപയായിരിക്കെ, ആയതിന്റെ 25% തുകകൂടി അധികരിച്ച 625000/- രൂപ നൽകേണ്ടതിനുപകരം 725000/- രൂപ വകയിരുത്തിയാണ് 18-19 ലെ പ്രോജ്ക്റ്റ് രൂപീകരിച്ച് നിർവഹണം നടത്തിയിരിക്കുന്നത് . അധികമായി 1 ലക്ഷം രൂപ വകയിരുത്തി എസ്.എസ്.എ യ്ക്ക് നൽകി.

(ബി) ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ 14.02.18-ലെ എസ് എസ് എ (2) /509/2017/ ഡി.പി.ഒ/ തിരു നമ്പർ കത്തിൽ എസ്.എസ്.എ പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമാകുന്ന സമയത്ത് പഞ്ചായത്തിൽ നിന്നും എസ്.എസ്.എ തിരുവനന്തപുരം ജില്ലയ്ക്ക് നൽകേണ്ട കൃത്യമായ തുക രേഖാമൂലം അറിയിക്കുന്നതാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ തുകയുടെ വിവരം അറിയിച്ചുകൊണ്ടുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ നൽകിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ അധികം നൽകിയ 1 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിൽ അപാകതകൾ

<u>(എ) ആദായ നികുതി കുറവായി ഈടാക്കി - നഷ്ടം 4000/- രൂപ</u>

പ്രോജക്ട് നം - 156/19 (spill over) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എ.എം.സി

അടങ്കൽ - 166667 ( തനത് ഫണ്ട് )

ചെലവ് -83333/- (ട്രഷറി ചെക്ക് നം 0997630/18.09.18 )

2017-18 ൽ മേൽ പ്രോജക്ടിനായി 4 ലക്ഷം വകയിരുത്തി 231,000/- ചെലവഴിച്ചു (ചെക്ക് നം ട്രഷറി ചെക്ക് 1095808 /22.11.17– Rs.148500/-, IOB ചെക്ക് നം 480790/26.03.18, Rs.82500/-). തുടർന്ന് 2018-19 ൽ സ്പിൽ ഓവറായി പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നേടി.

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എ.എം.സി യ്ക്കായി ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ് , ഓടയം എന്ന സ്ഥാപനവുമായി 25.09.2017 തീയതിയിൽ 4ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ( നം 4/2017 sec KGP) . പഞ്ചായത്തിലെ 19 വാർഡുകളിലെ 2*11 watts automatic manual CFL street light കൾക്ക് 4 പ്രാവശ്യം സർവീസ് ചെയ്യുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194(c) പ്രകാരം, ബെസ്റ്റ് സേഫ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 2% നിരക്കിൽ ഇൻകംടാക്സ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ 1% നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| | കരാർ പ്രകാരം നൽകേണ്ട തുക | നികുതി കിഴിച്ച് നൽകേണ്ടിയിരുന്ന തുക | നൽകിയ തുക/ തീയതി | അധികം നൽകിയ തുക |
|---|---|---|---|---|
| 1st Service | 150000 | 147000 (150000-3000) | 148500/- (150000-1500) 22.11.17 | 1500 |
| 2nd Service | 83333 | 81666 (83333-1667) | 82500/- (83333-833) 26.03.18 | 833 |
| 3td Service | 83333 | 81666 (83333-1667) | 83333 18.09.18 | 1667 |
| | | | | 4000/- |

കുറവായി ഈടാക്കിയ 4000/- സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

രണ്ടാം ഘട്ടം, മൂന്നാം ഘട്ടം പ്രകാരം സ്ഥാപനത്തിന് നൽകിയ യഥാക്രമം 82500/- , 83333/- രൂപയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ബി) <u>പ്രോജക്ട് നിർവഹണത്തിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കീഴിലുള്ള പൊതുമരാമത്ത് (ഊർജം ,വൈദ്യുതി ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 26.11.2018 ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 2018-19 ലെ വികസന സെമിനാറിന്റെ ഭാഗമായി 06.03.2018-ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. 14 പേരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഒപ്പുരേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പ്രകാരം സി.എഫ്.എൽ ലൈറ്റ് മെയിന്റനൻസിനായുള്ള വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചർച്ച ചെയ്തതായും കാണുന്നില്ല. മേൽ നിർദ്ദേശങ്ങളൊന്നും ഇല്ലാതെ തന്നെ അടങ്കൽ തുക 4 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

2. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിലെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലും എത്ര തെരുവുവിളക്കുകൾ/പോസ്റ്റുകൾ ഉണ്ട്, ഏതൊക്കെ തരം എന്നീ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ശേഖരിച്ച് തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ആനുവൽ മെയിന്റൻസ് കോൺട്രാക്ടിനുള്ള അടങ്കൽ തുക നിജപ്പെടുത്തിയ മാനദണ്ഡം വ്യക്തമല്ല.

സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല.

3. 07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിവരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന

വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

# 1-31 ക്വട്ടേഷൻ അംഗീകരിക്കുന്നതിനുമുൻപ് തുക അനുവദിച്ചു- ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് (4/19)

അടങ്കൽ - 3ലക്ഷം (വി. പൊ.വി)

ചെലവ് - 103075 ( bill no10/16.08.18 – 26200/-

26/5.02.19 , 40575/-, 33/08.03.19 36300/- )

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന മാർഗരേഖ ജി.ഒ (പി) 259/10 ത.സ്വ.ഭ.വ 8.11.2010 , കേരള സ്റ്റോർ പർച്ചെയ്സ് മാനുവൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സാധനങ്ങൾ/ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ക്വട്ടേഷൻ /ടെണ്ടർ നടപടിക്രമങ്ങളിലൂടെയാകണം. പ്രോജക്ട് പ്രകാരം പദ്ധതി രൂപീകരണ ചെലവുകൾക്കായി A3ഫോമുകൾ, A4പേപ്പറുകൾ, മറ്റ് രജിസ്റ്ററുകൾ എന്നിവ പ്രിന്റ് ചെയ്യുന്നതിന് 16.10.2018-ലെ 14(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം എ.വി.ആർ ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലോ, ടെണ്ടർ രജിസ്റ്ററിലോ ഇല്ല. പ്രോക്യർമെന്റ് കമ്മിറ്റി മിനിട്സിലും ക്വട്ടേഷൻ അംഗീകരിച്ച് ശുപാർശ ചെയ്തതിന്റെ വിശദാംശങ്ങളില്ല.

ബിൽ നം 10/16.08.18 പ്രകാരം ഭരണസമിതി ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുൻപുള്ള തീയതിയിൽ ആഗസ്റ്റ് 2018 ന് 26,200/- രൂപ എ.വി.ആർ ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സിന് കൈമാറിയിരിക്കുന്നു.

2018-19-ൽ പദ്ധതി ആസൂത്രണം നേരത്തെയായതിനാൽ പ്രിന്റിംഗ് ജോലികൾ നേരത്തെ തുടങ്ങേണ്ടതുണ്ടായിരുന്നുവെന്നും ആയതിനാൽ 2017-18ൽ അംഗീകരിച്ച റേറ്റിൽ എ.വി.ആർ പ്രിന്റിംഗ് പ്രസ്സിന് തുക നൽകിയതെന്നും ഓഡിറ്റ് അന്വേഷണം 21-ന് നൽകിയ മറുപടിയിൽ സെക്രട്ടറി

അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നിർവ്വഹണം നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് വർക്ക് - കെ.എസ്.ഇ.ബി യ്ക്ക് തുക കൈമാറൽ- നടപടിക്രമങ്ങളിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ 94/19

അടങ്കൽ - 2200000 ( ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 2198351 (ബിൽ നം.12/10.09.18 – 1848588

ബിൽ നം.13/18.09.18- 349763)

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഭരണസമിതിയുടെ 19.07.2018-ലെ 26(1) -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി ഉച്ചക്കട (1448686), കെ.എസ്.ഇ.ബി പാറശ്ശാല ( 399902) കെ.എസ്.ഇ.ബി പൂഴിക്കുന്ന് ( 349763/- ) എന്നീ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറി.

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം പ്രോജക്ട് അംഗീകരിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ആവശ്യമാണ്.സ.ഉ (കൈ) നം11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 11.(ഡി) പ്രകാരം പഞ്ചായത്ത് കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടശേഷം മാത്രമേ തുക കൈമാറാൻ പാടുള്ളൂ.

എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നും എല്ലാ വാർഡുകൾക്കുമായി ഒറ്റ എസ്റ്റിമേറ്റ് റിപ്പോർട്ടാണ് സമർപ്പിച്ചിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് , സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ്, കരാർ എന്നിവയുടെ അഭാവത്തിൽ കെ.എസ്.ഇ.ബി യ്ക്ക് 2198351/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ (ആർ പി 47) തുക നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബാലൻസ് ഷീറ്റ് (ബി 18) ൽ ആകെ 1848588/- രൂപയുടെ വിശദാംശങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വാർഷിക ധനകാര്യ പത്രികയിലെ ഈ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

കെ.എസ്.ഇ.ബി-യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം, ചെലവ് ബില്ലുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ചെലവു തുക 21,98,351/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-33 പദ്ധതി റിവൈസ് ചെയ്യാതെ അടങ്കൽ തുകയെക്കാൾ അധികം ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ നം | Soo 23/2018-19 |
| പദ്ധതിയുടെ പേര് | കേദാരം സമഗ്ര നെൽകൃഷി വികസനം |
| പദ്ധതി അടങ്കൽ തുക | 884000/-(വികസന ഫണ്ട്-169000/-<br>ബ്ലോക്ക് വിഹിതം-170000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-170000/-<br>മറ്റുള്ളവ-375000/- ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവ് ചെയ്യൽ<br>ആകെ-884000/- |
| ബിൽ നം. | 1/18-തിയതി.29-8-18-തുക-63600/-<br>2/18-തിയതി-11-10-18.തുക-105400/-<br>ചെക്ക് നം.2307106..തിയതി.13-11-18.തുക170000/-<br>ചെക്ക് നം.2307107..തിയതി.13-11-18.തുക85000/-<br>ചെക്ക് നം.2307170..തിയതി.26-3-19തുക.85000/-<br>ചെക്ക് നം.2307173..തിയതി.26-3-19തുക.61625/-. |
| ചെലവ് തുക | ചെലവ് പത്രിക പ്രകാരം-509000/-<br>കൂടുതലായി ചെലവഴിച്ച തുക-61625/-<br>ആകെ-570625/- |
| നിർവഹണ ഉദ്യാഗസ്ഥൻ | കൃഷിആഫീസർ |

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 100 നെൽകൃഷി കർഷകർക്ക് സഹായം ലഭ്യമാകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം നെൽവിത്ത് കൃഷിഭവൻ മുഖാന്തിരവും, ജൈവവളം, കൂലിചെലവ് എന്നിവയ്ക്ക് സബ്സിഡി നൽകൽ, ഗുണഭോക്തൃവിഹിതം കർഷകർ നേരിട്ട് ചെലവ് ചെയ്യൽ എന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചത്. നെൽവിത്തിനായി 64000/-രൂപ, കൂലിചെലവ് ഇനത്തിൽ 340000/-രൂപ സബ്സിഡിയും 340000/-രൂപ കർഷകർ നേരിട്ട് ചെലവ് ചെയ്യലും, ജൈവവളത്തിനായി 105000/-രൂപ സബ്സിഡിയും 35000/-രൂപ കർഷകർ നേരിട്ട് ചെലവ് ചെയ്യലും എന്ന രീതിയിൽ ആകെ 884000/-രൂപ അടങ്കൽ തുക വകയിരുത്തി, 94 കർഷകർക്ക് ആനുകല്യം നൽകി. പദ്ധതി നിബന്ധനകൾ പ്രകാരം 20 ഹെക്ടറിൽ കുറയാത്ത വിസ്തൃതിയിൽ നെൽകൃഷി ചെയ്യണമെന്നും, വിള ഇൻഷ്വർ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. കൂടാതെ പദ്ധതിയുടെ അധിക വിവരങ്ങളിൽ ആനുകൂല്യം ലഭിക്കുന്ന കർഷകർ 20 സെന്റിൽ കുറയാത്ത വസ്തുവിൽ കൃഷി ചെയ്യണമെന്നും 2 വിള നിർബന്ധമായും കൃഷിചെയ്യണമെന്നും നിഷ്കർഷിച്ചിരുന്നു. പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിബന്ധന അനുസരിച്ച് വിളകൾ ഇൻഷ്വർ ചെയ്തിട്ടില്ല.

2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. കർഷകർ 2 വിള കൃഷി ചെയ്തതായി കൃഷി ആഫീസർ ഉറപ്പ് വരുത്തിയിട്ടില്ല.

4. പാടശേഖര സമിതി മുഖാന്തിരം കൃഷി ചെയ്യുന്നവർക്ക് മുൻഗണന നൽകിയിട്ടില്ല.

169000/-രൂപ വികസനഫണ്ടും, ബ്ലോക്ക് വിഹിതമായി 170000/-രൂപയും, ജില്ലാപഞ്ചായത്ത് വിഹിതമായി 170000/-രൂപയും, 375000/-രൂപയും (ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്യുന്നത്) ഉൾപ്പടെ 884000/-രൂപ അടങ്കൽ വകയിരുത്തിയും, ആ തുക ഉപയോഗിച്ച് 2 വിള കൃഷി ചെയ്യാൻ സാധിക്കും എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഡി.പി.സിയെ ബോധ്യപ്പെടുത്തിയുമാണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയത്. എന്നാൽ ജില്ലാപഞ്ചായത്ത് കൂടുതൽ തുക അനുവദിച്ചുവെന്ന കാരണത്താൽ നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതനുസരിച്ച് 61625/-രൂപ (ചെക്ക് നം 2307173 തീയതി 26-3-19) 2-ാം കൃഷിക്ക് കൂലി ചെലവ് ഇനത്തിൽ ഉൾപ്പെടുത്തി കർഷകർക്ക് നൽകുകയും ചെയ്തു. എന്നാൽ ലഭ്യമായ അധിക തുക ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്യാതെയാണ് 61625/-രൂപ ചെലവഴിച്ചത്. അടങ്കൽ തുക ഉപയോഗിച്ച് 2 വിള കൃഷിചെയ്യാൻ സാധിക്കും എന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പദ്ധതിക്ക് അംഗീകാരം വാങ്ങിയശേഷം പദ്ധതി റിവൈസ് ചെയ്യ്ത് അംഗീകാരം വാങ്ങാതെ അതേ ആവശ്യത്തിന് കൂടുതൽ തുക ചെലവഴിച്ചത് അംഗീകരിക്കാൻ സാധ്യമല്ല. കൂടാതെ ഇപ്രകാരം ചെലവഴിച്ച 61625/-രൂപ പഞ്ചായത്തിന്റെ ചെലവ് പത്രികയിലും ഉൾപ്പെത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 27,28/19- എന്നിവയ്ക്ക് നൽകിയ മറുപടിയിൽ രണ്ടാം വിള കൃഷിയ്ക്ക് അധികമായി ലഭിച്ച 61,625/- രൂപയാണ് കർഷകർക്ക് നൽകിയതെന്ന് വ്യക്തമാക്കി. എന്നാൽ അധികമായി ലഭിച്ച തുക ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തത് ന്യായീകരിക്കാവുന്നതല്ല.

# 1-34 ജൈവസമൃദ്ധി തരിശു ഭുമി കൃഷി -ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ജൈവ സമൃദ്ധി തരിശ് ഭൂമി കൃഷി |
| പദ്ധതി നം | S0028/18-19 |
| പദ്ധതി അടങ്കൽ | ആകെ-362000/- 114000/-(വികസനഫണ്ട്)<br>57000/-(ബ്ലോക്ക് വിഹിതം)<br>57000/-(ജില്ലാപഞ്ചായത്ത് വിഹിതം)<br>134000/-(മറ്റുള്ളവ) |
| ചെലവ് തുക | 114000/-<br>ചെക്ക് നം.2307169-തിയതി-26-3-19.തുക-57000/-<br>ചെക്ക് നം.2307172-തിയതി-26-3-19.തുക-57000/ |

നിർവ്വഹണഉദ്യോഗസ്ഥൻ - കൃഷിആഫീസർ

പഞ്ചായത്ത് പരിധിയിലെ തരിശു ഭൂമിയിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം കർഷകർക്ക് വിത്ത് വാങ്ങി നൽകുക, ജൈവവളം, കൂലിചെലവ് എന്നിവയ്ക്ക് സബ്സിഡി നൽകുക എന്നിങ്ങനെയാണ് തുക വിനിയോഗിക്കേണ്ടത്. കൂടാതെ 20 സെന്റിൽ കുറയാത്തതും സ്വന്തമായോ, പാട്ടത്തിനോ എടുത്ത ഭൂമിയിലോ കൃഷിചെയ്യുന്ന കർഷക ഗ്രൂപ്പുകൾക്കാണ് മുൻഗണന നൽകേണ്ടത്. കൃഷിചെയ്യുന്ന വിള ഇൻഷ്വർ ചെയ്യേണ്ടതാണ്. പദ്ധതി അടങ്കൽ തുകയിൽ വികസനഫണ്ടായി 114000/-രൂപ വകയിരുത്തിയെങ്കിലും ആ തുക ചെലവ് ചെയ്യാതെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മാത്രം ചെലവഴിച്ചു. വികസന ഫണ്ട് കർഷകർക്ക് നൽകാത്തതുകൊണ്ട് തരിശുകൃഷി പൂർണതോതിൽ നടപ്പിലാക്കാൻ കർഷകർക്ക് സാധിച്ചിട്ടില്ല. സബ്സിഡി തുക സുധാകരൻ നായർ, വേലപ്പൻനായർ എന്നീ കർഷകർക്കും, രാജേന്ദ്രൻ, രായപ്പൻ എന്നീ വ്യക്തികളുടെ നേതൃത്വത്തിലുള്ള കർഷക സമിതികൾക്കുമാണ് സബ്സിഡിയായ 114000/-രൂപ നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| രാജേന്ദ്രൻ | 1440/-(ബ്ലോക്ക് വിഹിതം) | 1440/-<br>(ജില്ലാ പഞ്ചായത്ത് വിഹിതം) |
| വേലപ്പൻ നായർ | 1500/- ,, | 1500/- ,, |
| സുധാകരൻ നായർ | 18060/- ,, | 18060/- ,, |
| രായപ്പൻ | 36000/- ,, | 36000/- ,, |

എന്നാൽ കർഷകസമിതികളുടെ രജിസ്ട്രേഷൻ, മിനിട്സ് ബുക്കിന്റെ കോപ്പി തുടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിപ്രകാരം ആനുകൂല്യം ലഭ്യമായ ഈ വ്യക്തികൾക്ക് കൃഷിആഫീസർ നടപ്പിലാക്കിയ മറ്റൊരു പദ്ധതിയായ S0023/18-19 (കേദാരം-സമഗ്ര നെൽകൃഷി വികസനം) എന്ന പദ്ധതിപ്രകാരവും ആനുകല്യം ലഭിച്ചിട്ടുണ്ട്. തരിശു ഭൂമിയുടെ കരം രസീതുകളോ അല്ലെങ്കിൽ പാട്ടകൃഷിചീട്ടുകളോ, പാടശേഖരസമിതിയുടെ രേഖകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഹാജരാക്കാത്തതിനാലും വികസനഫണ്ട് ചെലവഴിക്കാത്തതിനാലും പദ്ധതി പൂർണ്ണവിജയമായിരുന്നോയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

## 1-35 കിണർ റീചാർജ് -നടപടി ക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര്. | കിണർ റീചാർജ് (ജനറൽ) |
| പദ്ധതിയുടെ നം | S00139/19 |
| പദ്ധതി അടങ്കൽ | ആകെ.1440000/-<br>720000/-(വികസനഫണ്ട് ),<br>432000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | 288000/-(ബ്ലോക്ക് വിഹിതം) |
| പദ്ധതി ചെലവ് | 705600/- |
| ബിൽ നം | 11/18-19,തിയതി.22-12-18.തുക-90000/-<br>12/18-19തിയതി.18-1-19.തുക-100800/<br>6/18-19തിയതി.15-12-19.തുക-36000/-<br>14/18-19തിയതി.22-2-19.തുക-32400/-<br>17/18-19തിയതി.14-3-19.തുക-18000/-<br>18/18-19തിയതി.14-3-19.തുക-28800/-<br>19/18-19തിയതി.25-3-19.തുക-39600/-<br>ചെക്ക് നം.2307134.തിയതി-24-1-19തുക-50400/-<br>ചെക്ക് നം.2307150.തിയതി-7-3-19തുക-53280/-/<br>ചെക്ക് നം.2307160.തിയതി-20-3-19തുക-11520/-<br>ചെക്ക് നം.2307165.തിയതി-26-3-19തുക-5760/-<br>ചെക്ക് നം.2307179.തിയതി-29-3-19തുക-23040/<br>ചെക്ക് നം.2307167.തിയതി-26-3-19തുക-185760/-<br>ചെക്ക് നം.2307166.തിയതി-26-3-19തുക-30240/- |

പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസായ ഗാർഹിക കിണറുകളെ മഴ വെള്ളത്താൽ റീചാർജ് ചെയ്ത് ജലസമൃദ്ധമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. കൃഷി അനുബന്ധ വർക്കിംഗ് ഗ്രൂപ്പ് 6-3-18, 20-10-18, 26-11-18 എന്നീ ദിവസങ്ങളിൽ യോഗം ചേർന്നെങ്കിലും കിണർ റീചാർജ് എന്ന പദ്ധതി ശുപാർശ ചെയ്തിട്ടില്ല.7-3-18ൽ കൂടിയ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 2018-19-ലെ മറ്റു പദ്ധതികൾക്കൊപ്പം തുകവകയിരുത്തി ജനറൽ കമ്മിറ്റിക്ക് ശുപാർശ നൽകിയതല്ലാതെ മറ്റ് നിർദ്ദേശങ്ങൾ നൽകിയില്ല. ശുപാർശ പദ്ധതിപ്രകാരം 100 കിണറുകളെ റീചാർജ് ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. റെയ്ഡ്കോയും ചില ഗുണഭോക്താക്കൾ നേരിട്ടുമാണ് പദ്ധതി നിർവഹിച്ചത്. 8000/-രൂപ സബ്സിഡി എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. കിണർ റീചാർജ് പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരാകേണ്ടതും, അവർ അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കേണ്ടതുമാണെന്ന് സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതിയിൽ നിഷ്കർഷിക്കുന്നു. 2018-19 വർഷത്തിൽ പഞ്ചായത്തിൽ ആകെ 4113 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തുവെങ്കിലും 495 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളൂ. 100-ലധികം കിണറുകൾ റീചാർജ് ചെയ്യുതതിൽ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ധാരാളം കുടുംബങ്ങൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ പഞ്ചായത്തിന് സാധിക്കുമായിരുന്നു.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ.

1. നിർദ്ദിഷ്ട ഫോറത്തിൽ കിണർ സർവ്വെ നടത്തിയിട്ടില്ല.

2. കിണർ റീചാർജ് പദ്ധതി വിശദീകരിക്കാൻ പ്രത്യേക ജലഗ്രാമസഭകൾ നടത്തിയിട്ടില്ല.

3. വാർഡ്, പഞ്ചായത്ത് തല ലിസ്റ്റ് ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടില്ല.

4.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല.

5. പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരാകേണ്ടതും അവർ അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കേണ്ടതുമാണ്.എന്നാൽ അത്തരത്തിലുള്ള ഒരു പ്രവർത്തനവും പഞ്ചായത്ത് നടത്തിയിട്ടില്ല.

6. പ്രവൃത്തിയുടെ ഗുണനിലവാരം നിർവഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തി സർട്ടിഫൈ ചെയ്തിട്ടില്ല.

# 1-36 ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല-128000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീചാർജ് (എസ്.സി) |
| പദ്ധതിയുടെ നം | S00140/18-19 |
| നിർവഹണഉദ്യോസ്ഥൻ | കൃഷി ആഫീസർ |
| പദ്ധതിയുടെ അടങ്കൽ | 240000/-വികസന ഫണ്ട്- 120000/-<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം 48000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം 72000/-. |
| പദ്ധതി ചെലവ് | 240000/- |
| ബിൽ നം.<br>ബിൽ നം.<br>ബിൽ നം | 13/18-19തിയതി-18-1-19-തുക-84000/-<br>15/18-19തിയതി-22-2-19-തുക-24000/-<br>20/18-19തിയതി-25-3-19 തുക-12000/-<br>ചെക്ക്നം-2307168-തിയതി-26-3-19 തുക-36000/-<br>ചെക്ക്നം-2307178-തിയതി-28-3-19 തുക-36000/-<br>ചെക്ക്നം-2307152-തിയതി-7-3-19 തുക-43200/-<br>ചെക്ക്നം-2307164-തിയതി-26-3-19 തുക-4800/- |

പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസായ ഗാർഹിക കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്തത് ജലസമൃദ്ധമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനായി 30 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. റെയ്ഡ്കോ 28എണ്ണവും, മോഡൽ അഗ്രോ സർവീസ് സെൻറർ പാറശ്ശാല 2എണ്ണവും 8000/-രൂപ നിരക്കിൽ ഏറ്റെടുത്ത് നടപ്പിലാക്കി. പദ്ധതിപ്രകാരം ഗുണഭോക്താക്കൾ പട്ടിക ജാതിക്കാർ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും 16 ഗുണഭോക്താക്കൾ പട്ടിക ജാതിക്കാർ ആണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റുകൾ നിർവഹണോദ്യോഗസ്ഥൻ ഹാജരാക്കിയില്ല. ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | ചന്ദ്രിക | 5 |
| 2 | ഭാരതി | 5 |
| 3 | പേൾസൻ | 7 |
| 4 | ജപമണി | 7 |
| 5 | സുലേഖ | 11 |
| 6 | ജായിസ് | 4 |
| 9 | ജയൻ | 14 |
| 10 | വിജയലക്ഷ്മി | 14 |
| 11 | സുനിത | 15 |
| 12 | ലീല | 15 |
| 13 | ഗിരിജ | 16 |
| 14 | രാധ | 16 |
| 15 | മധു | 19 |
| 16 | ലേഖ | 3 |

ആയതിനെക്കുറിച്ച് നൽകിയ അന്വേഷണകുറിപ്പ് 38/19 ന് മറുപടിയിൽ 16 ഗുണഭോക്താക്കൾ പട്ടിക ജാതിക്കാർ ആണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ജാതി സർട്ടിഫിക്കുകൾ ഹാജരാക്കുന്നതുവരെ 16 ഗുണഭോക്താക്കൾക്ക് നൽകിയ 128000/- രൂപ തടസപ്പെടുത്തുന്നു.

## 1-37 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 122 പൊതുമരാമത്ത് പദ്ധതികളിൽ 88 എണ്ണം

നടപ്പാക്കി. ഇതിൽ 34 പദ്ധതികളുടെ എസ്റ്റിമേറ്റും റിവൈസ് ചെയ്തിരിക്കുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ല എന്നതിന്റെ ഉദാഹരണമാണ്. ശരിയായ സൈറ്റ് കണ്ടീഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-38 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിവേണം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ 40%ൽ അധികം പ്രവൃത്തികളും റോഡ് പ്രവൃത്തികളാണ്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/19) ന് Kerala Remote Sensing Enviornment Centre ന്റെ R-Track സോഫ്റ്റ്വെയർ ഉപയോഗിച്ച് പാറശ്ശാല ബ്ലോക്കിന് കീഴിലെ എല്ലാ പഞ്ചായത്തുകളിലും സാറ്റലൈറ്റ് റോഡ് മാപ്പിംഗ് നടത്തിയിട്ടുണ്ടെന്നും പരിശോധന പൂർത്തിയാക്കി ഡൗൺലോഡ് ചെയ്യാവുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഭാവിയിൽ സാറ്റലൈറ്റ് റോഡ് മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി റോഡ് വികസന പദ്ധതികൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-39 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

(A) <u>89-ാം നം അംഗൻവാടി മെയിന്റനൻസ് (60/19)</u>

അടങ്കൽ 250000 (MF, NR)

ചെലവ് തുക 248473

ബിൽ നമ്പർ 90/18-19, 18.03.2019

എം.ബുക്ക് നം. 100/2018-19

ശ്രീമതി.രേഖ.എസ്, അംഗൻവാടി വർക്കർ കൺവീനറായ ഗുണഭോക്തൃസമിതി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടത്തിപ്പിന്റെ വൗച്ചർ, മസ്റ്റർ റോൾ എന്നിവ പ്രകാരം ആകെ ചെലവ് 221891/-രൂപയും, എം ബുക്ക് പ്രകാരം ചെലവ് 248473/- രൂപയുമാണ്. 13.11.2014 ലെ 1/1559/2010/ സി.ഇ/തസ്വഭവ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും. മേൽ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് തുക 221891/-രൂപയ്ക്ക് പകരം 248473/- രൂപ നൽകിയതിനാൽ 26582/- രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്.

2. റിവൈസ്ഡ് എസ്റ്റിമേറ്റ് എക്സ്ട്രാ ഐറ്റം നം 5 പ്രകാരം 34870/- രൂപ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത വൗച്ചർ ഫയലിൽ ലഭ്യമല്ല.

3. മസ്റ്റർ റോൾ പ്രകാരം 28.1.2019 മുതൽ 31.1.2019 വരെ ജോലി ചെയ്തതിനാണ് തൊഴിലാളികൾക്ക് വേതനം നൽകിയിരിക്കുന്നത് എന്നാൽ എം ബുക്കിൽ 22.1.2019 മുതൽ 28.1.2019 വരെ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രവുമല്ല 1.3.2019 തീയതിയിലും പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങിയിരിക്കുന്നു.

ഈ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 42/2019 16.12.2019) മറുപടിയായി മസ്റ്റർ റോളിൽ അപാകത സംഭവിച്ചത് പരിഹരിക്കുന്നതാണെന്നും, മോട്ടോർ മാറ്റി സ്ഥാപിച്ചതിന് തുക ചെലവഴിച്ചിട്ടുള്ളതാണെന്നും ബില്ല് ഫയലിൽ നിന്നും നഷ്ടപ്പെട്ടതാണെന്നും അറിയിച്ചു. ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. യഥാർത്ഥ ചെലവ് രേഖകളിൽ നിന്നും അധികമായി ചെലവഴിച്ച 26,582/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(B) <u>മണ്ണാംവിള 85-ാം നം 39/19 അംഗൻവാടി മെയിന്റനൻസ് പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>

അടങ്കൽ 100000 CFC

470000(MF, NR)

ചെലവ് – 4700000 ബിൽ നമ്പർ 73/28.02.2019

93585 ബിൽ നമ്പർ 74/28.02.2019

എം.ബുക്ക് നം. 105/2018-19

ശ്രീമതി ഉഷാ ദേവി എസ്, അംഗൻവാടി വർക്കർ കൺവീനറായ ഗുണഭോക്തൃസമിതി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടത്തിപ്പിന്റെ വൗച്ചർ, മസ്റ്റർ റോൾ എന്നിവ പ്രകാരം ആകെ ചെലവ് 537025/-രൂപയും, എം ബുക്ക് പ്രകാരം ചെലവ് 563585/- രൂപയുമാണ്. 13.11.2014 ലെ 1/1559/2010/ സി.ഇ/തസ്വഭവ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണ് കുറവ് അതായിരിക്കും. മേൽ പ്രവൃത്തിയിൽ യഥാർത്ഥ ചെലവ് തുക 537025/-രൂപ കൊടുക്കുന്നതിന് പകരം 563585/- രൂപ നൽകിയതിനാൽ 26560/- രൂപ അധികം ചെലവ് സംഭവിച്ചിട്ടുണ്ട്.

2. രണ്ട് മസ്റ്റർ റോളുകൾ ഫയലിൽ സൂക്ഷിച്ചിരുന്നതിൽ 1.2.2018 മുതൽ 16.2.2018 വരെ 8 തൊഴിലാളികൾ ജോലി ചെയ്തതായി രേഖപ്പെടുത്തി. ഇതിൽ 5 തൊഴിലാളികൾ 7 ദിവസം ജോലിയ്ക്ക് ഹാജരായെങ്കിലും 8 ദിവസത്തെ വേതനം നൽകിയിരിക്കുന്നു. 650/- രൂപ നിരക്കിൽ അഞ്ച് ദിവസത്തേയ്ക്ക് നൽകിയ 3250/- രൂപ അനുവദനീയമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (36/19 13.12.2019) എം ബുക്ക് പ്രകാരമുള്ള ചെലവ് നടന്നിട്ടുള്ളതാണെന്നും മസ്റ്റർ റോളിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. ഇത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ ഖണ്ഡിക2 പ്രകാരമുള്ള 3250/- രൂപയും യഥാർത്ഥ ചെലവ് തുകയേക്കാൾ അധികമായി ചെലവഴിച്ച 26,560/-രൂപയും ഉൾപ്പെടെ 29,810/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 ആവശ്യകത നിർണയിക്കാതെ തുക ചെലവഴിച്ചു - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.

92 & 94 അംഗൻവാടി മെയിന്റനൻസിനായി 2018-19 ൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കി.

| പദ്ധതിയുടെ പേര് /നം | 92 & 94 അംഗൻവാടി കെട്ടിടങ്ങൾ അറ്റകുറ്റപണികൾ (165/2018) | 92 & 94 അംഗൻവാടി കെട്ടിടങ്ങൾ അറ്റകുറ്റപണികൾ (63/2019) |
|---|---|---|
| അടങ്കൽ തുക | 400000/-(മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) | 400000/-(മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് തുക | 339767/- ബിൽനം 800113039 16.5.2018 | 399709/-ബിൽനം 801318306 7.3.2019 |
| നിർവ്വഹണ ഏജൻസി | കരാറുകാരൻ (ടെൻഡർ) | ഗുണഭോക്തൃസമിതി |

(A) പദ്ധതികളുടെ എസ്റ്റിമേറ്റിൽ രണ്ട് അംഗൻവാടികളുടെയും അറ്റകുറ്റ പ്രവൃത്തികൾക്കായുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രോജക്ട് നം 165/2018 പ്രകാരമുള്ള പദ്ധതിയിൽ 92-ാം അംഗൻവാടിയുടെ പ്രവൃത്തികൾ ഒഴിവാക്കി 94-ാം അംഗൻവാടിയുടെ മെയിന്റനൻസും പ്രോജക്ട് നമ്പർ 63/2019 പ്രകാരമുള്ള പദ്ധതിയിൽ 94-ാം അംഗൻവാടിയുടെ പ്രവൃത്തികൾ ഒഴിവാക്കി 92-ാം അംഗൻവാടിയുടെ മെയിന്റനൻസും ഉൾപ്പെടുത്തി രണ്ട് പ്രോജക്ടുകളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പാക്കി. പദ്ധതി ആസൂത്രണ, രൂപീകരണ വേളയിൽ ആവശ്യകത നിർണയിക്കുന്നതിലും തുക വകയിരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ജാഗ്രതക്കുറവാണ് ഇത്തരത്തിലുള്ള മാറ്റങ്ങൾക്ക് കാരണമാകുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉചിതമായ നിലയിലും സമയക്രമം പാലിച്ചും പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

(B) <u>94-ാം നം അംഗൻവാടി മെയിന്റനൻസ് (165/2018).</u>

94-ാം നം അംഗൻവാടിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വലിയ തോതിൽ വ്യതിചലിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അതിൻ പ്രകാരം അംഗൻവാടി കെട്ടിടത്തിന്റെ മുകളിലായി ഗ്രില്ലും റൂഫിംഗ് ഷീറ്റും ഘടിപ്പിച്ചിരിക്കുന്നു. കൂടാതെ പാഴ് വസ്തുക്കൾ കൂട്ടിയിട്ട് വൃത്തിഹീനമായും ഉപയോഗിക്കാൻ കഴിയാത്ത തരത്തിലും പ്രസ്തുത സ്ഥലം സൂക്ഷിച്ചിരിക്കുന്നു. അംഗൻവാടിയിലെ കുട്ടികൾക്കായുള്ള ഹാള്, അടുക്കള, ടോയ്ലറ്റ് എന്നിവ ശോചനീയ അവസ്ഥയിലും, ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സ്റ്റോർ മുറി ഇല്ലാതിരുന്ന സാഹചര്യത്തിലുമാണ് യാതൊരു പ്രയോജനവുമില്ലാത്ത റൂഫ് നിർമ്മിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (43/എ(1) തീയതി ) സാമൂഹിക നീതി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾക്കായി ഹാൾ നിർമ്മിക്കണമെന്ന പഞ്ചായത്ത് സമിതിയുടെ നിർദേശപ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും അടുക്കള സ്റ്റോർ എന്നിവയുടെ നവീകരണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് എന്നും അറിയിച്ചു. അംഗൻവാടിയുടെ മെയിന്റനൻസിനായി നടപ്പാക്കിയ പ്രവൃത്തിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മേൽ സൂചിപ്പിച്ച പ്രകാരം റൂഫ് നിർമ്മിച്ചത് പാഴ്ച്ചെലവായി. അംഗൻവാടിയിലെ കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചത് ക്ഷേമകാര്യ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും അനാസ്ഥയായി വിലയിരുത്തുന്നു. പരിഹാര നടപടികൾ കണ്ടെത്തി കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മിച്ചത് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തില്ല.

ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് പൊതുജനങ്ങൾക്ക് ഉപയോഗിക്കാനായി ചെങ്കവിള ജംഗ്ഷന് സമീപം പണിത പബ്ലിക് ടോയ്ലറ്റ് ബ്ലോക്ക് (183/19) ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിൽ കണ്ടെത്തി. പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് വഴി സൗകര്യവും പരിമിതമായിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 49/19 ന് മറുപടിയായി തുടർപരിപാലനവും സംരക്ഷണ ചുമതലയും പഞ്ചായത്ത് തീരുമാനപ്രകാരം നടപ്പാക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. പൊതുജനാരോഗ്യ പരിപാലനത്തിനായി ശുചിത്വ മിഷൻ ഫണ്ട് ചെലവഴിച്ചെങ്കിലും ആയത് സമയബന്ധിതമായി പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കാത്തത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി വിലയിരുത്തുന്നു. പൊതുജനങ്ങൾക്ക് ഉപയോഗിക്കാനായി ടോയ്ലറ്റ് ബ്ലോക്ക് തുറന്ന് കൊടുക്കുന്നതിനും തുടർ നടത്തിപ്പും പരിപാലനവും ഉറപ്പാക്കേണ്ടതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 സ്വകാര്യഭൂമിയിൽ നടപ്പാത നിർമ്മിച്ചു

ചേനംകോട് നടപ്പാത (87/19) എന്ന പദ്ധതി പ്രകാരം CFC Grant ൽ നിന്നും 35,431/-രൂപ വിനിയോഗിച്ച് 50mtr നീളത്തിലും 90cm വീതിയിലും ഇന്റർ ലോക്കിംഗ് ഉപയോഗിച്ച് ഒരു വീട്ടിലേയ്ക്ക് മാത്രം നടപ്പാത നിർമ്മിച്ചിരിക്കുന്നു. മൂന്ന് കുടുംബങ്ങൾ ഈ പാത ഉപയോഗിക്കുന്നു എന്ന് അറിയിച്ചെങ്കിലും നേരിട്ടുള്ള പരിശോധനയിൽ മറ്റ് രണ്ട് കുടുംബങ്ങൾക്കും ഈ പാത ആവശ്യമില്ലാത്തതായും അവർ മറ്റൊരു പാത ഉപയോഗിക്കുന്നതായും കണ്ടെത്തി. വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യം ഉന്നയിച്ചിട്ടില്ലാത്തതാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ നടപ്പാത ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും ആയത് ഉറപ്പാക്കുന്നതിന് നടപ്പാത ഉൾപ്പെടുന്ന ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ പെടാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയത് സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കേണ്ടതും ആസ്തിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-43 സർക്കാർ ഭൂമികൈയേറി - തുടർനടപടി വിവരം ലഭ്യമല്ല

ഭരണസമിതിയുടെ 11.09.2018 ലെ 28-ാം നമ്പർ അജണ്ടയിൽ പ്രകാരം പത്താം വാർഡിൽ ശ്രീ. മുരുകൻ പുല്ലാട്ടുവിള, പുത്തൻവീട് എന്നയാൾ പഞ്ചായത്തിന്റെ അനുവാദമില്ലാതെ പഞ്ചായത്ത് ഭൂമി കൈയേറി

പ്രത്യേകമായി വഴി തെളിച്ചിട്ടുള്ളതായി കാണുന്നതായും അത് തിരിച്ചുപിടിക്കുന്നതിനായും തീരുമാനിച്ചിട്ടുണ്ട്.

പുതിയ വഴി നൽകുന്നതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം ശ്രീ മുരുകന്റെ വസ്തുവിൽ നിന്നും ഈടാക്കി പ്രശ്നത്തിന് പരിഹാരം കാണാനും , പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് ഫയൽ സമർപ്പിക്കാനും സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഭൂമി കൈയേറിയതുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി വിവരം, മറ്റ് രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം നം.13 തീയതി 11.12.2019 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഭൂമി കൈയേറിയത് സംബന്ധിച്ച് പഞ്ചായത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-44 ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച 12,50,000/- രൂപ വാർഷിക കണക്കുകളിലെ B4, ഷെഡ്യൂളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/2019 16.12.2019) മറുപടിയായി ബഡ്സ് സ്കൂളിന് കെട്ടിടം ഇല്ലാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നും 2019-20 ൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. പഞ്ചായത്ത് പരിധിയിലെ ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികളെയും കണ്ടെത്തി പരിചരണം ആവശ്യമായവർക്ക് വൈദ്യസഹായം, ഫിസിയോതെറാപ്പി എന്നിവ ലഭ്യമാക്കി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-45 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പെൻഷൻ അനുവദിച്ചു

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് ഗുണഭോക്താവ് 60 വയസ്സിൽ കുറയരുത് (സ.ഉ (എം.എസ്)നം.93/13/സനീവ തീയതി 4.11.2013.ടി ഉത്തരവ് പ്രകാരം പ്രായപരിധി 65 വയസ്സിൽ നിന്ന് 60 വയസ്സായി കുറച്ചു) എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിട്ടുള്ളതിൽ ശാന്ത.എ,കയത്തിൻതലയ്ക്കൽ വീട്, എറിച്ചല്ലൂർ, പ്ലാമൂട്ടുക്കട എന്ന ഗുണഭോക്താവിന്റെ ജനന വർഷം ആധാർ പ്രകാരം 1961 ആണ്. 60 വയസ്സ് തികയാത്ത വ്യക്തിക്ക്

പെൻഷൻ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് 11.12.2019-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/19) വി.ഇ.ഒ യുടെ അന്വേഷണ റിപ്പോർട്ടിന്റെയും രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലാണ് പെൻഷൻ അനുവദിച്ചതെന്നും ടിയാളുടെ റേഷൻ കാർഡിൽ പ്രായം 60 വയസ്സാണെന്നും പ്രസ്തുത അപേക്ഷയിന്മേൽ കൂടുതൽ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. റേഷൻ കാർഡിലെ ജനനതീയതിയുടെ അടിസ്ഥാനത്തിലല്ല ജനനസർട്ടിഫിക്കറ്റ്/ആധാർ എന്നിവയുടെ അടിസ്ഥാനത്തിലാണ് പെൻഷന് ആനുകൂല്യം അനുവദിക്കേണ്ടത്.

തെറ്റായ വിവരങ്ങൾ നൽകി ഏതെങ്കിലും ഒരു വ്യക്തി പെൻഷൻ വാങ്ങുന്നുവെങ്കിൽ പ്രസ്തുത പെൻഷൻ റദ്ദാക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതും അർഹതയില്ലാത്തവർക്ക് പെൻഷൻ ലഭിച്ചാൽ അതിന് ശിപാർശ ചെയ്ത ഉദ്യാഗസ്ഥരിൽ നിന്നും പ്രസ്തുത പെൻഷൻ തുക തിരിച്ച് പിടിക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-46 മരുന്നു ലഭ്യമായില്ല-62828/-രുപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതിയുടെ നം | 118/19 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| അടങ്കൽ തുക | 200000/-(റോഡിതിരം) |
| ചെലവ് തുക | 200000/- |
| ബിൽ നം | 1/2018-19,തിയതി-23-10-18 |

രോഗികൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ മരുന്ന് വാങ്ങുന്നതിനായി ഇൻവോയിസ് ലഭ്യമാക്കാൻ മെഡിക്കൽ ആഫീസർ 14-8-18ൽ കാംകോയ്ക്ക് കത്തു നൽകുകയും 31-8-18ൽ 200000/-രൂപയുടെ ഇൻവോയിസ് ലഭ്യമാവുകയും ചെയ്തു. 23-10-18-ൽ 200000/-രൂപ നൽകിയതിന് 14-11-18ൽ കൈപ്പറ്റ് രസീത് ലഭിച്ചു. എന്നാൽ കാംകോയിൽ നിന്നും 17-4-19ൽ 88487-രൂപയുടെയും 7-11-19ൽ 48685/-രൂപയുടെയും മരുന്നുകൾ മാത്രമാണ് ലഭിച്ചത് . പദ്ധതിപ്രകാരം മുഴുവൻ തുകയും നൽകിയെങ്കിലും 62828/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ 62828/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശയും,കസേരയും വാങ്ങി നൽകിയതിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല.

| | | |
|---|---|---|
| 1 | പ്രോജക്റ്റ് നം. | 129/18-19 |
| 2 | അടങ്കൽ തുക | 2,00,000/- |
| 3 | ചെലവ് തുക | 1,98,450/- |
| 4 | ഫണ്ട് ഇനം | വികസന ഫണ്ട് – സാധാരണ വിഹിതം |
| 5 | നിർവ്വഹണം | എച്ച്.എം,എൽ.പി.സ്കൂൾ |
| 6 | ബിൽ നം. & തീയതി | 3/18-19,13.03.2019 - 59,850/-<br>4/18-19,13.03.2019 – 46,200/-<br>5/18-19,13.03.2019 - 46,200/-<br>6/18-19,13.03.2019 - 46,200/- |

പ്രസ്തുത പദ്ധതി പ്രകാരം 63 മേശയും കസേരയും അബി ഇൻഡസ്ട്രീസ്, ബാലരാമപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ പ്രകാരം വാങ്ങി മത്സ്യതൊഴിലാളികളുടെ മക്കളായ 63 വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ വിവിധ ഗവൺമെൻറ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളാണ്. സ്കൂൾ വിദ്യാർത്ഥികളായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പ്രഥമ പരിഗണന സർക്കാർ സ്കൂളുകൾക്കും അതിന് ശേഷം ഗവ.എയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെയുമാണ് പരിഗണന നൽകേണ്ടത്. മുൻഗണനക്രമം പാലിച്ച് തന്നെയാണോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അന്വേഷിച്ച് 09.12.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (2/19) ന് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണന സംബന്ധമായ യാതൊന്നും രേഖപ്പെടുത്തിയിരുന്നില്ലായെന്നും പ്രസ്തുത നടപടി ക്രമത്തെകുറിച്ച് അറിവില്ലായിരുന്നുവെന്നുമാണ് എച്ച്.എം മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-48 മത്സ്യതൊഴിലാളികളുടെ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന മക്കൾക്ക് ലാപ് ടോപ്പ് വിതരണം - മത്സ്യസഭ

## കൂടാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രോജക്ട് നം. | 132/18-19 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ തുക | 3,00,000/- |
| ചെലവ് തുക | 2,91,500/- |
| ബിൽ നം. | 2/18-19/26.12.2018 - 2,91,500/- |

മേൽ പദ്ധതി പ്രകാരം 11 ലാപ്ടോപ്പുകൾ എയ്റോസോഫ്റ്റ് ബാലരാമപുരം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി മത്സ്യതൊഴിലാളികളുടെ മക്കളായ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കായി മത്സ്യസഭ സംഘടിപ്പിക്കേണ്ടത് നിർബന്ധമാണ്. കുറഞ്ഞത് 25 മത്സ്യതൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭകൾക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ച് ചേർക്കേണ്ടതാണ് (സ.ഉ.(കൈ)നം.11/2018 തസ്വഭവ തീയതി 29.01.2018). ഇപ്രകാരമാണോ പദ്ധതി ആനുകൂല്യത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് ആരാഞ്ഞ് 09.12.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (3/19)ന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ചാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളതെന്നും മേൽ സർക്കാർ ഉത്തരവിനെക്കുറിച്ച് അറിവ് ഉണ്ടായിരുന്നില്ലായെന്നുമാണ് എച്ച്.എം. മറുപടി നൽകിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയത്തിൽ ആരോഗ്യ-വിദ്യഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :26/2019

പ്രോജക്റ്റിന്റെ പേര് :പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽതുക :1000000/-രൂപ

ചെലവ്തുക :250000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :3/18-19, 143750/- 23.10.2018

9/18-19, 106250/- 22.12.2018

നിർവ്വഹണോദ്യോഗസ്ഥ : വെറ്റിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് 250000/-രൂപ നൽകിയെങ്കിലും കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയില്ല.ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 52 ന് ലഭ്യമായ മറുപടിയിൽ അവ വാങ്ങി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.കൈപ്പറ്റ രസീതും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ 250000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-50 ആടുവളർത്തൽ,പശുവളർത്തൽ പദ്ധതി-വാങ്ങൽ നടപടിക്രമം പാലിച്ചില്ല.

താഴെപ്പറയുന്ന പ്രോജക്ടുകളിൽ നടപടിക്രമം പാലിക്കാതെ വാങ്ങൽ നടത്തി.

1.പ്രോജക്ട് നമ്പർ :141/19

പ്രോജക്ടിന്റെ പേര് :ആടുവളർത്തൽ(ജനറൽ)

അടങ്കൽതുക :1232000/-

ചെലവ് തുക :288000/

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

2.പ്രോജക്ട് നമ്പർ :24/19

പ്രോജക്ടിന്റെ പേര് :ആടുവളർത്തൽ(എസ് സി പി)

അടങ്കൽതുക :384000/-

ചെലവുതുക :156000/-

ഫണ്ടിനം :വികസനഫണ്ട്(എസ് സി പി)

3.പ്രോജക്റ്റ് നമ്പർ :21/19

പ്രോജക്റ്റിന്റെ പേര് :ആട്ടു വളർത്തൽ(വനിത)

അടങ്കൽതുക :3200000/-രൂപ

ചെലവ് തുക :688000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

4.പ്രോജക്റ്റ്നമ്പർ :18/19

പ്രോജക്റ്റിന്റെ പേര് :പശുവളർത്തൽ(വനിത)

അടങ്കൽതുക :3135000/-രൂപ

ചെലവുതുക :1320000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പർച്ചേയ്സ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. (ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം). പ്രോജക്റ്റ് ഫയൽ രേഖകൾ പ്രകാരം ഗുണഭോക്താക്കൾ വ്യക്തിപരമായി വാങ്ങൽ നടത്തിയിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.53 ന് ലഭ്യമായ മറുപടിയിൽ സർക്കാർ ഫാമുകളിൽ കന്നുകാലികൾ ലഭ്യമല്ലാത്തതിനാൽ പർച്ചേസിംഗ് കമ്മിറ്റി ചെയർമാന്റെ മേൽനോട്ടത്തിൽ ഗുണഭോക്താക്കൾ തന്നെ പശുക്കളെ കണ്ടെത്തുന്നതിനും കൺവീനറായ വെറ്റിനറി സർജൻ evaluation നടത്തുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾ തന്നെ വാങ്ങൽ നടത്തുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുള്ളത്. ഭാവിയിൽ സമാനമായ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-51 പശുവളർത്തൽ പദ്ധതി-നടപടിക്രമം പാലിക്കണം

പ്രോജക്റ്റ് നമ്പർ :18/19

പ്രോജക്റ്റിന്റെ പേര് : പശുവളർത്തൽ-വനിത

അടങ്കൽ തുക :3135000/-രൂപ

ചെലവ് തുക :1320000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :2/18-19, 165000/- 23.10.2018

5/18-19, 220000/- 24.11.2018

12/18-19, 275000/- 22.12.2018

17/18-19, 165000/- 19.02.2019

31/18-19, 495000/- 27.03.2019

പശുവളർത്തൽ പദ്ധതി നടപ്പാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ ഭാഗമായി 48 ഗുണഭോക്താക്കൾക്ക് 27500/- രൂപ വീതം സബ്സിഡി നൽകി.ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 192 പേരാണുള്ളത്.1മുതൽ 48 വരെയുള്ളവർക്ക് ആനുകൂല്യം നൽകേണ്ടതിനുപകരം ക്രമനം.138 വരെയുള്ളവർക്ക് ക്രമം തെറ്റിച്ച് ആനുകൂല്യം നൽകി.മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നവെങ്കിൽ അപ്രകാരമുള്ള എന്തുമാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ സാധൂകരണത്തോടുകൂടെയായിരിക്കണം. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 53 ന് ലഭ്യമായ മറുപടിയിൽ പശുക്കളെ വാങ്ങി വളർത്തുവാൻ താൽപര്യമില്ലാത്തതും പശുക്കളെ സുരക്ഷിതമായി വളർത്തുവാൻ ഭൗതികസാഹചര്യങ്ങൾ ഇല്ലാത്തതുമായ ഗുണഭോക്താക്കൾ പശുക്കളെ വാങ്ങുവാൻ തയ്യാറാകാത്തതിനാലാണ് ഗുണഭോക്തൃ ലിസ്റ്റിൽ താഴോട്ടുള്ളവരെ പരിഗണിക്കാനിടയായതെന്ന് അറിയിച്ചിട്ടുള്ളത്.

ഇത്തരം പ്രോജക്റ്റുകൾ ആവശ്യകത നിർണയിച്ചതിനുശേഷം മാത്രം തയ്യാറാക്കേണ്ടതും മുൻഗണനാക്രമം പാലിക്കേണ്ടതുമാണ്. മാത്രമല്ല ഗുണഭോക്താക്കളുടെ വീടുകളിൽ നിലവിലുള്ള പശുക്കളെത്തന്നെ വാങ്ങിയതായി രേഖപ്പെടുത്തി സബ്സിഡി നൽകുന്ന രീതിയും ആരോഗ്യകരമല്ല.ഇക്കാര്യങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-52 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 925പദ്ധതികൾ അംഗീകരിച്ചുവെങ്കിലും 378പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (തോട്, കുളം, കനാൽ എന്നിവയുടെ നവീകരണം, നഴ്സറി , വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ, പാട്ടകൃഷി), വ്യക്തിഗത ആസ്തികളുടെ നിർമാണം (കക്കൂസ്, കിണർ, ഫാംപോണ്ട് എന്നിവയുടെ നിർമാണം) ഭവന പദ്ധതികളിൽ ഭൂവികസന പ്രവൃത്തികൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ (നടപ്പാതകളുടെ നിർമാണം) എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാരോട് ഗ്രാമപഞ്ചായത്തിന് കീഴിൽ 2-18-19-ൽ 158പേർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. 4420കുടുംബങ്ങൾക്ക് തൊഴിൽ ഡിമാന്റ് ചെയ്യുകയും 4113 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുകയും ചെയ്തു.ആകെ 495 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുണ്ട്.

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്ന പ്രകാരം വേതനത്തിനാനുപാതികമായി ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

# 1-53 ICDS സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.പ്രോജക്ട് നമ്പർ :37/2019

പ്രോജക്ടിന്റെ പേര് : അംഗൻവാടികളിൽ ഉപകരണങ്ങൾ/ഫർണിച്ചർ വാങ്ങൽ

അടങ്കൽതുക :200000/-രൂപ

ചെലവുതുക :170850/-രൂപ

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽനമ്പർ :18/18-19, തിയതി:21.01.2019

പഞ്ചായത്തിലെ 34 അംഗൻവാടികളിലും മേശ,മെഡിസിൻ ബോക്സ് എന്നിവ ഓരോന്നുവീതം വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് 7 ടെണ്ടറുകൾ ലഭിക്കുകയും നരിക്കോട്ടിൽ ഡിസ്ട്രിബ്യൂഷൻസ്,അമരവിള എന്ന സ്ഥാപനത്തെ സാധനങ്ങൾ വിതരണം ചെയ്യാൻ തെരഞ്ഞെടുക്കുകയും ചെയ്തു.

മേശ :3150*34=107100/-രൂപ

മെഡിസിൻബോക്സ്:1875*34=63750/-രൂപ

എന്നാൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്,കോഴഞ്ചേരി എന്ന സ്ഥാപനം ഇതിലും കുറഞ്ഞ നിരക്കിൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

മേശ22guage :2174/-

20guage :2274/-

18guage :2474/-

മെഡിസിൻബോക്സ് :1290/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 46 ന് ലഭ്യമായ മറുപടിയിൽ ഗുണനിലവാരമുള്ള സാമ്പിൾ ഹാജരാക്കിയതിനാലാണ് നരിക്കോട്ടിൽ ഡിസ്ട്രിബ്യൂഷൻസിനെ തെരഞ്ഞെടുത്തതെന്ന് അറിയിച്ചിട്ടുണ്ട്.

2.പ്രോജക്ട് നമ്പർ :95/2019

പ്രോജക്ടിന്റെ പേര് :വയോജനങ്ങൾക്ക് കട്ടിൽ നൽകൽ

അടങ്കൽതുക :896100/-രൂപ

ചെലവുതുക :892945/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :19/18-19, 444825/- 25.01.2019

21/18-19, 448120/- 19.02.2019

വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എന്ന പദ്ധതിക്കായി ഇ-ടെണ്ടർ ചെയ്തതിനെതുടർന്ന് 10 ടെണ്ടറുകളാണ് ലഭിച്ചത്.ഇതിൽ ഏറ്റവും കുറഞ്ഞ തുക ടെണ്ടർ ചെയ്തത് Monger BoxTrade Pvt Ltd എന്ന സ്ഥാപനമാണ്.തുക കട്ടിൽ ഒന്നിന് 2930/-രൂപ.

എന്നാൽ രണ്ടാമത് കുറഞ്ഞ നിരക്ക് ടെണ്ടർ ചെയ്ത Tri Tech Tradersഎന്ന സ്ഥാപനത്തെയാണ് കട്ടിൽ വിതരണം ചെയ്യാൻ തെരഞ്ഞെടുത്തത്.ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47 ന് ലഭ്യമായ മറുപടിയിൽ Tri Tech ന് ISO സർട്ടിഫിക്കേഷനും 3 വർഷത്തെ വാറണ്ടിയുമുള്ളതിനാലാണ് വിതരണ ഓർഡർ നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരം പദ്ധതികളിൽ ടെണ്ടർ ക്ഷണിക്കുമ്പോൾ ടെണ്ടർ നോട്ടീസിൽ ഉപകരണങ്ങളുടെ വലിപ്പം, ഗുണനിലവാരം തുടങ്ങിയവ സൂചിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**2-1 .**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**3-1 .**

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 17.07.2019 വരെ | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1208/2019, തീയതി 24.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | | | |
|---|---|---|---|---|---|

| സ്ഥാപനം | വര്ഷം | തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 413250 | സ്നേഹസ്പർശം | 413250 | 0 |
| | | 698750 | പാലിന് സബ്സിഡി | 698750 | 0 |
| | | 266000 | ഹരിത ഭവനം | 266000 | 0 |
| | | 170000 | കേദാരം | 231625* | 0 |
| | | 57000 | ജൈവസമൃദ്ധി | 57000 | 0 |
| | | 149014 | ലൈഫ് (എസ്.സി .പി) | 149014* | 0 |
| | | 704145 | ലൈഫ്(ജനറൽ) | 683330 | 20815 |
| | | 72000 | കിണർ റീചാർജ് (എസ്.സി) | 72000 | 0 |
| | | 216000 | കിണർ റീ ചാർജ് (ജനറൽ ) | 216000 | 0 |
| ആകെ | | | | 2786969 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 2018-19 | 413250 | സ്നേഹസ്പർശം | 413250 | 0 |
| | | 1200000 | പാലിന് സബ്സിഡി | 1237071* | 0 |
| | | 170000 | കേദാരം | 170000 | 0 |
| | | 57000 | ജൈവസമൃദ്ധി | 57000 | 0 |
| | | 288830 | ലൈഫ് (എസ്.സി .പി) | 288830 | 0 |
| | | 876670 | ലൈഫ്(ജനറൽ) | 876670 | 0 |
| | | 48000 | കിണർ റീചാർജ് (എസ്.സി) | 48000 | 0 |
| | | 144000 | കിണർ റീ ചാർജ് (ജനറൽ ) | 144000 | 0 |
| ആകെ | | | | 3197750 | |

1. ലൈഫ് ഭൂമി ഉള്ള ഭവനരഹിതർക്ക് വീട് എസ്.സി.പി ( 33/19) എന്ന പ്രോജക്ടിനായി ജില്ലാ വിഹിതം 1,49,014/- രൂപയും ബ്ലോക്ക് വിഹിതം 2,88,830/- രൂപയും പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. (സാംഖ്യ പ്രകാരം). പ്രസ്തുത തുകകൾ ചെലവഴിച്ചുവെങ്കിലും (ചെക്ക്നം 2307185/30.03.2019- Rs.149014/-, ചെക്ക് നം 2307186/30.03.19, Rs.47830/-, ചെക്ക് നം 2307177/28.03.19 Rs. 241000/-) ചെലവു പത്രികയിൽ ആയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2. പാലിന് സബ്സിഡി (വനിതാ) പ്രോജക്ട് നം 73/19ബ്ലോക്ക് വിഹിതം വരവിനേക്കാൾ (1200000)കൂടുതൽ തുകചെലവഴിച്ചിരിക്കുന്നു(1237071) .

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ 94/19 | 2198351 | 0 | 0 | 2198351* |

*ബാലൻസ് ഷീറ്റ് (ബി 18) ൽ ആകെ 1848588/- രൂപയുടെ വിശദാംശങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. (മുന്നിരിപ്പായ 44,95,850/- ഒഴിവാക്കി

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | സ.ഉ. (എം.എസ്) നം. 68/18 തസ്വഭവ തീയതി 18.05.2018 | 36387397 | 0 | 0 | 0 | 36387397 |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ. (എം.എസ്) | 19552009 | 4638607 | 2200000 | | 2483607 |

| | | | | | | |
|---|---|---|---|---|---|---|
| (1,2) | നം. 831/10 തസ്വഭവ തീയതി 11.03.2010 | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 146329098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 132151158 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2795571 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 100000 | ശ്രീ. കെ. സതീഷ് കുമാർ, സെക്രട്ടറി |
| 1-32 | 2198351 | ശ്രീ. കെ. സതീഷ് കുമാർ, സെക്രട്ടറി |
| 1-36 | 128000 | ശ്രീ.ബിജു.സി, കൃഷി ഓഫീസർ |
| 1-39(എ) | 26582 | ശ്രീ.ക്ലമന്റ് സി.പി, അസിസ്റ്റന്റ് എഞ്ചിനിയർ |

| | | |
|---|---|---|
| 1-39(ബി) | 29810 | ശ്രീ. ക്ലമന്റ്, സി.പി അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-46 | 62828 | ഡോ.ബീന ജി.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-49 | 250000 | ഡോ.സിമി എസ് ആൻസലം, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സതീഷ് കുമാർ, സെക്രട്ടറി | വിരമിച്ചു | ലേഖാ സദനം, മുറിയതോട്ടം, പാറശ്ശാല പിഒ |
| ശ്രീ. ക്ലമന്റ് സി.പി, അസിസ്റ്റന്റ് എഞ്ചിനിയർ | - | സി.പി. ഭവൻ, ആറയൂർ പി.ഒ |
| ഡോ.ബീന ജി.എസ്, മെഡിക്കൽ ഓഫീസർ | - | ബീന നിവാസ്, മുലയൻതാന്നി ക്ഷേത്രം, നെല്ലിമൂട് |
| ഡോ.സിമി എസ് ആൻസലം, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കാരോട് | സ്റ്റാർ വില്ല, വ്ലാങ്ങാമുറി, നെയ്യാറ്റിൻകര |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 6 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 3 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 5 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018 തീയതി.28.06.2018 | 8 | |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/882/2018<br>തീയതി.28.06.2018 | 11 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1/2104/16<br>തീയതി.05.01.2018 | 12 | |
| 2016-17 | | 1 | |
| 2017-18 | കെ.എസ്.എറ്റി വി.എം ജിപി1/443/2019 തീയതി 17.10.19 | 28 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-2</u> <u>കെട്ടിടങ്ങളുടെ നികുതി നിർണയം</u> (<u>ഖ 1-14 പ്രകാരം</u>)

പട്ടികയിലെ മുഴവൻ കെട്ടിടങ്ങൾക്കും കെട്ടിടത്തിന്റെ ആകെ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണയിച്ച് നഷ്ടത്തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് നികുതിനിർണയത്തിൽ ഇപ്രകാരം പിഴവുണ്ടെങ്കിൽ കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് പരാമർശ പ്രകാരം നികുതി പരിഷ്കരണം വരുത്തി വിവരം നികുതിദായകരെ അറിയിക്കുകയും 2018-19ലെതുൾപ്പെടെ വരുന്ന നികുതി വ്യത്യാസം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 39/19) മറുപടി നൽകിയിട്ടുണ്ട്.

<u>അനുബന്ധം – 3</u>

| ക്രമ നം | വാർഡ് നം | വാർഡിന്റെ പേര് | കെട്ടിട നം. | സബ് നം | പേര് | മേൽവിലാസം | വിസ്തൃതി | കെട്ടിടത്തിന്റെ ആകെ വിസ്തീർണം | നിലവിലെ കെട്ടിട നികുതി |
|---|---|---|---|---|---|---|---|---|---|
| 1 | 6 | ചെങ്കവിള | 40 | 6 | John.K | Udayanthachan vila veedu | 90.53 | | 3252 |
| 2 | 6 | ചെങ്കവിള | 40 | 2 | John.K | Udayanthachan vila veedu | 22.63 | | 856 |
| 3 | 6 | ചെങ്കവിള | 40 | 3 | John.k | Udayanthachan vila veedu | 22.63 | 181.05 | 856 |
| 4 | 6 | ചെങ്കവിള | 40 | 4 | John.K | Udayanthachan vila veedu | 22.63 | | 856 |
| 5 | 6 | ചെങ്കവിള | 40 | 5 | John.K | Udayanthachan vila veedu | 22.63 | | 856 |
| 6 | 1 | വടക്കെ പുതുവീട് | 6 | 1 | S.M. Sandhya | Ponnumangalam | 40 | | 1512 |
| 7 | 1 | വടക്കെ പുതുവീട് | 6 | 2 | S.M. Sandhya | Ponnumangalam | 20 | | 719 |
| 8 | 1 | വടക്കെ പുതുവീട് | 6 | 3 | S.M. Sandhya | Ponnumangalam | 20 | 130 | 719 |
| 9 | 1 | വടക്കെ പുതുവീട് | 6 | 4 | S.M. Sandhya | Ponnumangalam | 20 | | 719 |
| 10 | 1 | വടക്കെ പുതുവീട് | 6 | 5 | S.M. Sandhya | Ponnumangalam | 30 | | 1078 |
| 11 | 5 | പുതുപ്പുരയ്ക്കൽ | 127 | 2 | Baiju.C.P | C.P.Bhavan | 42 | | 1191 |
| 12 | 5 | പുതുപ്പുരയ്ക്കൽ | 127 | 3 | Baiju.C.P | C.P.Bhavan | 42 | 168 | 1191 |
| 13 | 5 | പുതുപ്പുരയ്ക്കൽ | 127 | 4 | Baiju.C.P | C.P.Bhavan | 42 | | 1132 |
| 14 | 5 | പുതുപ്പുരയ്ക്കൽ | 127 | 5 | Baiju.C.P | C.P.Bhavan | 42 | | 1132 |
| 15 | 16 | പുതിയ ഉച്ചക്കട | 152 | 6 | Anitha,Akhil Dev,Abhishek | Harikumaralayam, Harikumaralayam, Harikumaralayam | 21.8 | 137 | 825 |
| 16 | 16 | പുതിയ ഉച്ചക്കട | 152 | 7 | Anitha | Harikumaralayam | 24.09 | | 912 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 17 | 16 | പുതിയ ഉച്ചക്കട | 152 | 8 | Anitha,Akhil Dev,Abhishek | Harikuralayam, Harikumaralayam, Harikumaralayam | 24.34 | | 921 |
| 18 | 16 | പുതിയ ഉച്ചക്കട | 152 | 9 | Anitha Makkal Akhil Dev, Abhishek Muthal Per | Harikumaralayam | 21.2 | | 803 |
| 19 | 16 | പുതിയ ഉച്ചക്കട | 152 | 10 | Anitha Makkal Akhil Dev, Abhishek Muthal Per | Harikumaralayam | 21.2 | | 803 |
| 20 | 16 | പുതിയ ഉച്ചക്കട | 152 | 11 | Anitha Makkal Akhil Dev, Abhishek Muthal Per | Harikumaralayam | 24.37 | | 922 |
| 21 | 9 | മാറാടി | 164 | 1 | Victor Bose | CC Arcade | 20 | | 693 |
| 22 | 9 | മാറാടി | 164 | 2 | Victor Bose. C.C | C.C. Arcade | 20 | | 693 |
| 23 | 9 | മാറാടി | 164 | 3 | Victor Bose. C.C | C.C. Arcade | 20 | | 693 |
| 24 | 9 | മാറാടി | 164 | 4 | Victor Bose. C.C | C.C. Arcade | 20 | | 693 |
| 25 | 9 | മാറാടി | 164 | 5 | Victor Bose. C.C | C.C. Arcade | 10 | 157.5 | 347 |
| 26 | 9 | മാറാടി | 164 | 6 | Victor Bose. C.C | C.C. Arcade | 22.5 | | 742 |
| 27 | 9 | മാറാടി | 164 | 8 | Victor Bose. C.C | C.C. Arcade | 22.5 | | 742 |
| 28 | 9 | മാറാടി | 164 | 9 | Victor Bose. C.C | C.C. Arcade | 22.5 | | 742 |
| 29 | 18 | വെൺകുളം | 296 | 2 | Dharmarajan. K & Prasannakumari | Pulluvila Thekke Veedu | 22 | 130.64 | 624 |
| 30 | 18 | വെൺകുളം | 296 | 3 | Dharmarajan.K & Prasannakumari | Pulluvila Thekke Veedu | 22 | | 624 |
| 31 | 18 | വെൺകുളം | 296 | 4 | Dharmarajan.K & Prasannakumari | Pulluvila Thekke Veedu | 20.64 | | 586 |
| 32 | 18 | വെൺകുളം | 296 | 5 | Dharmarajan.K & Prasannakumari | Pulluvila Thekke Veedu | 22 | | 624 |
| 33 | 18 | വെൺകുളം | 296 | 6 | Dharmarajan.K & Prasannakumari | Pulluvila Thekke Veedu | 22 | | 624 |
| 34 | 18 | വെൺകുളം | 296 | 7 | Dharmarajan.K | Pulluvila Thekke | 22 | | 624 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | & Prasannakumari | Veedu | | | |
| 35 | 6 | ചെങ്കവിള | 555 | 6 | Steephen | Plankala Veedu | 32 | 153 | 1008 |
| 36 | 6 | ചെങ്കവിള | 555 | 2 | Steephen | Plankala Veedu | 50 | | 1575 |
| 37 | 6 | ചെങ്കവിള | 555 | 3 | Steephen | Plankala Veedu | 25 | | 788 |
| 38 | 6 | ചെങ്കവിള | 555 | 4 | Steephen | Plankala Veedu | 22 | | 693 |
| 39 | 6 | ചെങ്കവിള | 555 | 5 | Steephen | Plankala Veedu | 24 | | 756 |
| 40 | 18 | വെൺകുളം | 278 | 2 | Das & Ushakumari | AVM Building | 29 | 133 | 1188 |
| 41 | 18 | വെൺകുളം | 278 | 3 | Das & Ushakumari | AVM Building | 22 | | 832 |
| 42 | 18 | വെൺകുളം | 278 | 4 | Das & Ushakumari | AVM Building | 18 | | 681 |
| 43 | 18 | വെൺകുളം | 278 | 5 | Das & Ushakumari | AVM Building | 42 | | 1509 |
| 44 | 18 | വെൺകുളം | 278 | 6 | Das & Ushakumari | AVM Building | 22 | | 791 |
| 45 | 12 | അമ്പനാവിള | 129 | 6 | Vincent | Michel Building | 32 | 192 | 1089 |
| 46 | 12 | അമ്പനാവിള | 129 | 1 | Vincent | Michel Building | 32 | | 1210 |
| 47 | 12 | അമ്പനാവിള | 129 | 2 | Vincent | Michel Building | 32 | | 1210 |
| 48 | 12 | അമ്പനാവിള | 129 | 3 | Vincent | Michel Building | 32 | | 1150 |
| 49 | 12 | അമ്പനാവിള | 129 | 4 | Vincent | Michel Building | 32 | | 1150 |
| 50 | 12 | അമ്പനാവിള | 129 | 5 | Vincent | Michel Building | 32 | | 1089 |
| | | | | | | | 1382.19 | 1382.19 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

തിരുവനന്തപുരം ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്